
June - 2010
BULLETIN
IRINJALAKUDA
DIOCESE


ഇടയശുശ്രൂഷയിൽ വിശ്വാസതെളിമയോടെ
സ്നേഹതനിമയോടെ ഞങ്ങളെ നയിക്കുന്ന
പോളി കണ്ണൂക്കാടൻ പിതാവിന്
നാമഹേതുക തിരുനാളിന്റെ ആശംസകൾ
സ്നേഹപൂർവ്വം നേരുന്നു !

# MY LORD, MY GOD

*Irinjalakuda Diocesan Bulletin*

*P. B. No. 59, Irinjalakuda-680 121*

*Ph: 2826830, 2826820*

പുസ്തകം : 31. 2010 ജൂൺ ലക്കം : 6


## ഉള്ളടക്കം


| | | |
|---|---|---|
| 1. | ഇടയശബ്ദം | 02 |
| 2. | സർക്കുലർ | 03 |
| 3 | കച്ചേരിക്കാര്യങ്ങൾ | 04 |
| 4 | ഇടയലേഖനം | 08 |
| 5 | സർക്കുലർ - യുവജനദിനം | 11 |
| 6 | മാർപാപ്പയുടെ ലോകയുവജനദിനസന്ദേശം | 18 |
| 7 | മതബോധനം | 27 |
| 8 | സെന്റ് പോൾസ് മൈനർ സെമിനാരി | 33 |
| 9 | ചെന്നൈമിഷൻ | 35 |
| 10 | സോഷ്യൽ ആക്ഷൻ | 36 |
| 11 | പാസ്റ്ററൽ കൗൺസിൽ | 36 |
| 12 | സംഘടനാവാർത്തകൾ | |
| | നവചൈതന്യ | 37 |
| | BLM | 37 |
| | ബൈബിൾ അപ്പസ്തോലെറ്റ് | 38 |
| | അവാർഡ് | 39 |
| | സാൻജോസദൻ | 40 |
| | അൾത്താരബാലസംഘം | 40 |
| | സ്പിരിച്വാലിറ്റി സെന്റർ | 41 |
| | കെ.സി.വൈ.എം. | 42 |
| | ഫാമിലി അപ്പസ്തോലെറ്റ് | 43 |
| | PACS | 43 |
| | വൊക്കേഷൻ ബ്യൂറോ | 43 |
| 13 | ഇടയന്റെ ഇന്നലെകൾ | 44 |
| 14 | ഇടയന്റെ നാളെകൾ | 48 |




# ഇടയശബ്ദം



*സ്നേഹമുള്ള അച്ചന്മാരേ, സമർപ്പിതരേ, അല്മായ സഹോദരരേ,*

ജോൺപോൾ രണ്ടാമൻ മാർപാപ്പ 'മൂന്നാം സഹസ്രാബ്ദത്തിലേക്ക്' എന്ന പ്രമാണരേഖയിൽ നമ്മെ ഓർമ്മിപ്പിക്കുന്നത് ഇപ്രകാരമാണ്. "ആത്മീയതയുടെ പാത പിന്തുടരുന്നില്ലായെങ്കിൽ കൂട്ടായ്മയുടെ വ്യവസ്ഥിതികൾ യാതൊരു ഫലവും നൽകുകയില്ല. ആത്മാവില്ലാത്ത വെറും തന്ത്രങ്ങളായി മാത്രമേ അവ അവശേഷിക്കുകയുള്ളൂ". ഓരോ ക്രൈസ്തവ കുടുംബവും ഇടവകയും സന്യാസസമൂഹവും കൂട്ടായ്മയുടെ വ്യവസ്ഥിതിയാണ്. അവ സ്വഭാവത്താലെത്തന്നെ ആത്മീയതയുടെ പാതയിൽ വളരണം. ആത്മീയ ചൈതന്യത്തിലേക്ക് കടന്നു വരാത്തവരെ ഈശോ ഇപ്രകാരമാണ് കുറ്റപ്പെടുത്തുന്നത് : "ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്ന് വളരെ അകലെയാണ്. അവർ മാനുഷിക നിയമങ്ങൾ പ്രമാണങ്ങളായി പഠിപ്പിച്ചുകൊണ്ട് വ്യർത്ഥമായി എന്നെ ആരാധിക്കുന്നു" (മത്താ. 15:8-9).

ഈ കാലഘട്ടത്തിൽ ഭൗതികതയുടെ അതിപ്രസരവും കമ്പോള സംസ്ക്കാരത്തിന്റെ സ്വാധീനവും സമൂഹജീവിതത്തിലും വ്യക്തികളുടെ മനോഭാവത്തിലും ഏറെ കടന്നുകയറുന്നുണ്ട്. അതുകൊണ്ടു തന്നെ ഏതൊരു പ്രവൃത്തിക്കും ലാഭനഷ്ടങ്ങൾ വിലയിരുത്തുവാനും ലാഭമുണ്ടെങ്കിൽ മാത്രം ചെയ്യുവാനും മുതിരുന്ന ഒരു അവസ്ഥാവിശേഷത്തിലൂടെയാണ് നാം കടന്നു പോകുന്നത്. ഈശോയെപ്പോലെ മറ്റുള്ളവരെ ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനുമായി മുതിരുമ്പോഴാണ് ആത്മീയ ചൈതന്യം പ്രകടമാകുന്നത്. നമുക്ക് എന്തു ലാഭമുണ്ടാക്കാം എന്ന വിലയിരുത്തലുകൾ തിരുത്തി എന്തു നൽകാനാകും എന്ന കാഴ്ചപ്പാടിലേയ്ക്ക് കടന്നു വരുവാൻ ശ്രമിക്കാം.

കഴിഞ്ഞ മാസം ഒരു ഇടവകയിൽ ഔദ്യോഗിക ഇടയസന്ദർശനം നടത്തുമ്പോൾ ഏതാനും ഇടവക പ്രതിനിധികൾ അവരുടെ നിരീക്ഷണം ഇങ്ങനെ വ്യക്തമാക്കി. "കാലം മാറി പിതാവെ, ഇനി നിർമ്മാണ പ്രവർത്തനങ്ങളൊക്കെ തൽക്കാലം നമുക്ക് നിർത്തി വയ്ക്കാം. വിശ്വാസ ജീവിതത്തിനും ആത്മീയ ചൈതന്യത്തിനും നമുക്ക് ഊന്നൽ നൽകാം".

# സർക്കുലർ

ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ട രൂപതയാണല്ലോ നമ്മുടേത്. ഈശോയുടെ മുൻപിൽ മുഴുവൻ ശരണവും അർപ്പിച്ചുകൊണ്ട് ജീവിതത്തെ ക്രമീകരിക്കുമ്പോഴാണ് നമ്മുടെ അനുദിന ജീവിതത്തിൽ വ്യക്തമായ ദിശാബോധം ലഭിക്കുന്നത്. ഈ ആധുനിക കാലഘട്ടത്തിൽ മനുഷ്യ ജീവിതത്തിലെ തണുത്തുറഞ്ഞ സ്നേഹാനുഭവങ്ങളിലേക്ക് ജ്വലിക്കുന്ന തീക്കനലുകളായി തിരുഹൃദയ സ്നേഹം കടന്നു ചെല്ലുവാൻ നമുക്ക് പ്രാർത്ഥിക്കാം.

നാളിതുവരെ രൂപതക്ക് ദൈവം നൽകിയ നിരവധിയായ അനുഗ്രഹങ്ങൾക്ക് നന്ദി പറയുവാനും, നല്ല ദൈവം നമ്മെ ഭരമേല്പിച്ച ഉത്തരവാദിത്വങ്ങൾ ചെയ്തു തീർക്കുവാനുമുള്ള കൃപയ്ക്കായി തിരുഹൃദയത്തിരുന്നാൾ കഴിഞ്ഞു വരുന്ന ഞായറാഴ്ച ജൂൺ 13-ാം തിയ്യതി ഉപവാസ പ്രാർത്ഥനാദിവസമായി ആചരിക്കുന്നു. നമ്മുടെ ഇടവകകളിൽനിന്നും സന്യാസഭവനങ്ങളിൽനിന്നും സംഘടനകളിൽനിന്നും ധാരാളംപേർ ഈ ദിവസം സ്പിരിച്വാലിറ്റി സെന്ററിൽവന്ന് അവിടെ നടക്കുന്ന ഉപവാസ പ്രാർത്ഥനാശുശ്രൂഷകളിൽ പങ്കെടുക്കുവാൻ സ്നേഹപൂർവ്വം ക്ഷണിക്കുകയും ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

NB: ഈ സർക്കുലർ ജൂൺ 6-ാം തിയ്യതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. ✞ P.K.

---

മാർത്തോമ്മാശ്ലീഹയുടെ പാദസ്പർശനമേറ്റ് പരിശുദ്ധമായ നമ്മുടെ രൂപത തുടർന്നുള്ള പ്രയാണത്തിൽ ഊന്നൽ കൊടുക്കേണ്ട ഒരു തലമല്ലേ ഈ ഇടവക പ്രതിനിധികൾ ഓർമ്മിപ്പിച്ചത്. നമുക്ക് ഒരുമിച്ച് ശ്രമിക്കാം. ക്രൈസ്തവ സമൂഹത്തെ ആത്മീയതയിൽ ശക്തിപ്പെടുത്താം. വിശ്വാസം വ്യക്തിജീവിതങ്ങളിലും സമൂഹത്തിന്റെ കാഴ്ചപ്പാടുകളിലും സ്വാധീനിക്കത്തക്കവിധത്തിൽ ക്രമപ്പെടുത്താം. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഇരിങ്ങാലക്കുട
25. 05. 2010

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

# കച്ചേരികാര്യങ്ങൾ

1. **Transfer and Appointment of Priests (April-May)**

1 **Fr. Paul A. Ambooken (V**icar,) Parappukara Forane, and Chaplain, Assisi Convent CSC and Jeeva Jyothi Agathi Mandiram CSM

2 **Fr. George Pareman** relieved from Acting Vicar, Parappukara, and Chaplain, Assisi Convent CSC and Jeeva Jyothi Agathi Mandiram CSM

3 **Fr. Seby Kanjilassery -** Vicar, Karoor and Chaplain, St. Augustine's Convent FCC and Notary, Eparchial Tribunal

4 **Fr. Joji Kallingal -** Rector & Vicar, Holy Cross Shrine Mapranam; Chaplain, St. Xavier's FCC Convent, Mapranam, Director, Diocesan Charismatic Movement, and Director, Theological Research Forum for Laity.

5 **Fr.Sebastian Panjikaran -** Relieved from all the Offices and granted leave to join the Staff at St. Joseph's Pontifical Seminary, Mangalapuzha .

6 **Fr. Sunny Kalampanathadathil -** Vicar, Holy Family Church, Vellikulangara .

7 **Fr. Jomy Thottiyan -** Relieved from all the Offices and granted study leave for two years.

8 **Fr. Thomas Alukka -** Relieved from the office of Chaplain, St. Joseph's Convent CHF Aloor, and additionally appointed Vicar, Our Lady of Dolours Church, Kalvarikkunnu and Chaplain Franciscan Brothers, Vellanchira.

9 **Fr. Benny Karumalickal -** Relieved from the offices of Vicar, Our Lady of Dolours Church, Kalvarikkunnu and Chaplain, Franciscan Brothers and appointed Vicar, St. Thomas Church, Anathadam, and Chaplain, St. Ann's Convent

10 **Fr. Pauly Kannookadan -** Relieved from the offices of Acting Vicar, St. Thomas Church, Anathadam, and Chaplain, St. Ann's Convent, Anathadam.

11 **Fr. Jaison Karippai -** Relieved from the office of Acting Vicar, Our Lady of Carmel St. Mary's Church, Aripalam and take charge Vicar,

Prasadavaranadha Church, Aloor West and Chaplain, Lourde's CSC Convent and FSMA Convent also.

12 **Fr. Jobby Pozholiparambil** - Relieved from the office of Acting Vicar, Prasadavaranadha Church, Aloor West and Chaplain, Lourde's CSC convent and FSMA Convent.

13 **Fr. Siju Komban** - Vicar, St. Joseph's Church, Mathilakam and Chaplain, St. Joseph's Convent SLMI and Assistant Director, Bible Apostolate.

14 **Fr. Suresh Pudussery** - Relieved from all the offices and granted leave to join the staff at Mary Matha Major Seminary, Trichur.

15 **Fr. Rejoy Pazhayattil** - Secretary to Bishop James Pazhayattil also.

16 **Fr. Seby Kolangara** - Relieved from the office of Secretary to the Bishop and appointed **c**onvener, Diocesan Website Maintenance and Development Committee also.

17 **Fr. Anto Chungath** - Relieved from the offices of Acting Vicar and Chaplain, Vellanchira and appointed Chaplain, St. Joseph's Convent CHF Aloor; Member, Diocesan Website Maintenance and Development Committee also.

18 **Fr. Lindo Kuttikadan** - Relieved from the offices of Project Officer, Notary (Eparchial Tribunal) and Office Secretary and appointed Secretary to Bishop Pauly Kannookadan and Secretary, Diocesan Website Maintenance and Development Committee also.

19 **Fr. Benny Arimbully** - Notary, Eparchial Tribunal of Also.

20 **Fr. Andrews Maliekal** - Member, Diocesan Website Maintenance and Development Committee also.

21 **Fr. Jijo Vakaparambil** - Member, Diocesan Website Maintenance and Development Committee also.

22 **Fr. Jiji Kunnel** - Relieved from the office of Assistant Director, Bible Apostolate and appointed Assistant Director, Charismatic Movement.

**2.** 2010 ജൂൺ 1 മുതൽ പുളിയിലക്കുന്നിലെ നമ്മുടെ **'വിയാനി ഹോം'** (വൈദിക വിശ്രമകേന്ദ്രം) പ്രവർത്തനമാരംഭിക്കുന്നു. പ്രസ്തുത വിശ്രമകേന്ദ്രത്തിൽ ബഹു. എസ്. ഡി. സിസ്റ്റേഴ്സിന്റെ സേവനം

ലഭ്യമായിരിക്കും. ചാലക്കുടി സെന്റ് ജോസഫ്സ് ഭവൻ ഗൗരവതരമായ ആരോഗ്യപ്രശ്നമുള്ള അച്ചന്മാരെ ഉദ്ദേശിച്ച വിശ്രമകേന്ദ്രമായി തുടരുന്നതാണ്.

3. **വൈദികരുടെ വാർഷികധ്യാനം :**
ജൂൺ 7 തിങ്കൾ 10.00 a.m. - 11 വെള്ളി 1.00 p.m (1-ാം ഗണം)
ജൂൺ 14 തിങ്കൾ 10.00 a.m. - 18 വെള്ളി 1.00 p.m (2-ാം ഗണം)
ധ്യാനഗുരു : മാർ ലോറൻസ് മുക്കുഴി, ബൽത്തങ്ങാടി രൂപത. ബഹു. അച്ചന്മാർ ധ്യാനത്തിനു വരുമ്പോൾ കുർബ്ബാന കണക്ക്, കുമ്പസാര പത്തേന്തി തുടങ്ങിയവ കൊണ്ടുവരണം. ധ്യാനത്തിൽ ബഹു. അച്ചന്മാർ ആദ്യന്തം പങ്കുകൊള്ളണം. ഇടവകയിലെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യകമായ ക്രമീകരണങ്ങൾ നടത്തുമല്ലോ.
4. **വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ തിരുനാൾ:** ജൂൺ 8 ചൊവ്വ
5. **പാദുവായിലെ വി. അന്തോണീസ് :** ജൂൺ 13 ഞായർ
6. **തിരുഹൃദയത്തിരുനാൾ :** ജൂൺ 11 വെള്ളി : അന്നേദിവസം ദേവാലയത്തിൽ വൈകീട്ട് 8 മണിക്ക് നമ്മുടെ എല്ലാ പള്ളികളിലും കൂട്ടമണി അടിക്കുകയും, ആ സമയം എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും തിരുഹൃദയപ്രതിഷ്ഠ നടത്തുകയും വേണം. ജൂൺ 19-ന് വൈദിക വർഷം സമാപിക്കുന്നു. ദൈവവിളിയുടെ വർദ്ധനവിനും വൈദികരുടെ വിശുദ്ധീകരണത്തിനും വൈദിക കൂട്ടായ്മയുടെ വളർച്ചയ്ക്കും വേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. ഈ വർഷം മൈനർ സെമിനാരി യിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 17 വൈദിക വിദ്യാർത്ഥികളുടെ സെമിനാരി പ്രവേശനം ഈ ദിവസമാണ്.
7. **ജൂൺ 13- ഉപവാസപ്രാർത്ഥനാദിനം :** രൂപതയുടെ ആദ്ധ്യാത്മിക കേന്ദ്രമായ സ്പിരിചാലിറ്റി സെന്ററിൽ അന്നേദിവസം നടത്തപ്പെടുന്ന വിവിധ തിരുക്കർമ്മങ്ങളിൽ നമ്മുടെ എല്ലാ ഇടവകകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ളവർ പങ്കുകൊള്ളണം.
8. **ബൈബിൾ ഞായർ :** ജൂൺ 13 മുതൽ 20 വരെ ബൈബിൾ വാരാച രണം. ബൈബിൾ ഞായർ 2010 സർക്കുലർ ജൂൺ 13-ാം തീയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കേണ്ടത് മെയ് മാസത്തിലെ ബുള്ളറ്റിൻ പേജ് 29-34 കാണുക. തിരുവചന സന്ദേശം ജനഹൃദയ ങ്ങളിൽ എത്തിക്കുന്നതിനും ബൈബിൾ പ്രചരിപ്പിക്കുന്നതിനും യുക്തമായ പരിപാടികൾ ഇടവകയിൽ നടപ്പാക്കുവാൻ ശ്രദ്ധിക്കുമല്ലോ. അന്ന് പ്രത്യേകം പിരിവെടുത്ത് രൂപതാ പ്രൊക്കുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.
9. **പത്രോസിന്റെ കാശ് :** ജൂൺ 27 ഞായറാഴ്ച പ്രത്യേക പിരിവെടുത്ത് രൂപതാ പ്രൊക്കുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

**10. വി. പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ :** ജൂൺ 29 ചൊവ്വ
നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിന്റെ നാമഹേതുക തിരുനാളായ അന്നേദിവസം കാലത്ത് 10 മുതൽ ഉച്ച കഴിഞ്ഞ് 1 മണിവരെ രൂപത വൈദികസമ്മേളനം. എല്ലാ അച്ചന്മാരും കൃത്യസമയത്ത് എത്തിച്ചേരുമല്ലോ.

**11. മാസധ്യാനം :** വൈദികരുടെ മാസധ്യാനങ്ങളിൽ എല്ലാ വൈദികരും മുടക്കം കൂടാതെ പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രൂപതയുടെ പല കാര്യങ്ങളും അന്നേദിവസം ചർച്ച ചെയ്യാറുണ്ടല്ലോ. ഇടവകയുടെ സുഗമമായ പ്രവർത്തനത്തിന് അത് വളരേയേറെ സഹായകരമായിരിക്കും. വാർഷികധ്യാനമായതു കൊണ്ട് ജൂണിൽ മാസധ്യാനം ഇല്ല.

**12. ദുക്റാന, സീറോ മലബാർ സഭാദിനം - ജൂലൈ 3:**
കടമുള്ള ദിവസം, ഭാരതത്തിൽ ക്രിസ്തീയ വിശ്വാസദീപം തെളിച്ച നമ്മുടെ പിതാവായ വി. തോമാശ്ലീഹായെ നമുക്ക് അനുസ്മരിക്കാം. മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തനങ്ങൾ ക്കായി വർഷംതോറും ആളൊന്നിന് ഒരു രൂപ വീതം പിരിവെടുത്ത് രൂപതാ പ്രൊക്കുറേറ്ററെ ഏല്പിക്കേണ്ടതാണ്.

**13.** ഇടവകകളിൽ പ്രത്യേകാവശ്യങ്ങൾക്കായി നടത്തുന്ന പിരിവുകളുടെ വരവു ചെലവു കണക്കുകൾ അതാതവസരങ്ങളിൽ ഇടവകാംഗങ്ങളെ അറിയിക്കേണ്ടതാണ്.

**14.** സി.ബി.സി.ഐ നിർദ്ദേശമനുസരിച്ച് The Catholic Directory of India 2010 തികച്ചും ആധുനികമാക്കുന്നതിന് ഒരു Data Collection Format അയച്ചുതന്നിട്ടുണ്ട്. നമ്മുടെ രൂപതയിലുള്ള എല്ലാ പള്ളികളിലേക്കും അതിന്റെ കോപ്പി അയയ്ക്കുന്നു. യഥോചിതം പൂരിപ്പിച്ച് ജൂൺ 10-ന് മുമ്പ് ബിഷപ്സ് ഹൗസിൽ എത്തിക്കേണ്ടതാണ്. ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

ഇരിങ്ങാലക്കുട — **ഫാ. വിൻസന്റ് ആലപ്പാട്ട്**
26. 05. 2010 — വികാരി ജനറാൾ.

**ജൂൺ 29 നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിന്റെ നാമഹേതുകതിരുനാൾ. അന്നേ ദിവസം രൂപത വൈദികസമ്മേളനം കാലത്ത് 10 മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെ.**

589/10
25/05/10

# ഇടയലേഖനം

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ, രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീ സന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

ജൂൺ 6-ന് മതബോധന വർഷം ആരംഭിക്കുകയാണല്ലോ. വിദ്യാലയങ്ങൾ 2-ാം തിയ്യതി മുതൽ സജീവമാകും. എല്ലാ വിദ്യാർത്ഥികൾക്കും അവരുടെ ശോഭനമായ ഭാവി കരുതലോടെ കാത്തിരിക്കുന്ന മാതാപിതാക്കൾക്കും, അവർക്ക് നേരായ മാർഗ്ഗം നിർദ്ദേശിക്കുന്ന അദ്ധ്യാപകർക്കും എന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ.

വൈയക്തികവും സാമൂഹികവും ധാർമ്മികവുമായ അനിവാര്യതയാണ് വിദ്യാഭ്യാസം. എന്നാൽ, മതപരമായ ബോധനവും പരിശീലനവും കൂടി ഉണ്ടെങ്കിലേ വിദ്യാഭ്യാസത്തിന് സമഗ്രതയും വ്യക്തിത്വത്തിന് സമ്പൂർണ്ണതയും കൈവരൂ. കാരണം, 'മതം' എന്നത് കേവലം സ്വകാര്യ ആവശ്യമല്ലല്ലോ; കപട മതേതരവാദികൾ അങ്ങനെ വാദിക്കുന്നുണ്ടെങ്കിലും. കേരളത്തിന്റെ ബാല്യകൗമാരങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ നാം മനസ്സിലാക്കേണ്ടതാണ്. മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തെക്കുറിച്ച് വീണ്ടുവിചാരമില്ലാത്ത ആളുകളും പ്രത്യയശാസ്ത്രാഭാസങ്ങളും പാഠ്യക്രമത്തെയും അദ്ധ്യാപകരെയും രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിക്കുകയാണ്. കക്ഷി രാഷ്ട്രീയത്തിന്റെയും നിരീശ്വരത്വത്തിന്റെയും തിമിരം ബാധിച്ച ചില സംഘടനകൾ പ്രത്യക്ഷമായും പരോക്ഷമായും പാഠ്യപുസ്തകങ്ങളിൽ ഈശ്വരനിന്ദയും മതവിദ്വേഷവും കലർത്തി സമൂഹത്തിൽ കാലുഷ്യവും അക്രമവും പരത്തുന്നു.

ഈ സാഹചര്യത്തിൽ ധനത്തെയും പ്രപഞ്ചത്തെയും എല്ലാം നിയന്ത്രിക്കുന്ന സർവ്വാതിശായിയായ ഒരുവൻ മേലെയുണ്ട് എന്ന വിനയം നിറഞ്ഞ ചിന്തയാണ് മനുഷ്യന് ഏറ്റവും ആവശ്യം. അതുകൊണ്ട് മതബോധനം പൂർവ്വോപരി ഇന്ന് പ്രസക്തമാകുന്നു. 'ദൈവഭക്തിയാണ് അറിവിന്റെ ഉറവിടം' (സുഭാ. 1:1) 'ധാർമ്മികതയുടെ ഉടയവൻ ദൈവമാണ്' (ഉല്പ. 2:17) ഈ അടിസ്ഥാന പ്രമാണങ്ങളിൽ നിന്നാണ് മതബോധനം ആരംഭിക്കേണ്ടത്. മനുഷ്യൻ ജ്ഞാനവും പ്രബോധനവും ഗ്രഹിക്കുവാനും ഉൾക്കാഴ്ച തരുന്ന വാക്കുകൾ മനസ്സിലാക്കാനും വിവേകപൂർണ്ണമായ

പെരുമാറ്റം, നീതി, ന്യായം എന്നിവ ശീലിക്കുവാനും, സരളഹൃദയർക്ക് വിവേകവും യുവജനങ്ങൾക്ക് അറിവും വിവേചനാശക്തിയും പ്രദാനം ചെയ്യാനും ദൈവഭക്തി ആവശ്യമാണ്.

സാർവ്വത്രിക രക്ഷയുടെ അടയാളമായ തിരുസഭയിലൂടെ യഥാർത്ഥ ഗുരുവിനെ ദർശിക്കാൻ കഴിഞ്ഞ വർഷം നാം പ്രത്യേകമായ രീതിയിൽ ശ്രമിക്കുകയായിരുന്നു. എന്നാൽ 'ഗുരുദർശനം കൂദാശകളിലൂടെ' എന്ന താണ് ഈ വർഷത്തെ ആപ്തവാക്യം. വരപ്രസാദത്തിന്റെ നീർച്ചാലുക ളാണല്ലോ കൂദാശകൾ. ഗുരുവായ യേശുവിനെ നാം കണ്ടുമുട്ടുന്നത് കൂദാ ശകളിലാണ്. കൂദാശകൾ മനുഷ്യനു വേണ്ടിയാണല്ലോ ഈശോ സ്ഥാപി ച്ചത്. മനുഷ്യജീവിതത്തെ ആകമാനം വളർത്താനും സ്വാധീനിക്കാനും വിശുദ്ധീകരിക്കാനും കൂദാശകൾ നമ്മെ സഹായിക്കുന്നു.

ദൈവത്തിന്റെ മക്കളും സ്വർഗ്ഗത്തിന് അവകാശികളുമാക്കി ദൈവിക ജീവനിൽ ജനിപ്പിക്കുന്ന മാമ്മോദീസയും ആത്മാവിന്റെ ശക്തിയാൽ ക്രിസ്തുവിന്റെ ധീരസാക്ഷികളാക്കി മാറ്റുന്ന സ്ഥൈര്യലേപനവും, നിത്യ ജീവൻ പ്രദാനം ചെയ്യുന്ന വി. കുർബാനയും, ദൈവസ്നേഹ നിരസന ത്തിലൂടെ പാപികളായിത്തീർന്ന നമ്മെ ദൈവസ്നേഹത്തിലേക്ക് തിരികെ കൊണ്ടു വരുന്ന അനുരഞ്ജന കൂദാശയും, 'നിങ്ങൾ ഇത് എന്റെ ഓർമ്മ ക്കായി ചെയ്യുവിൻ' എന്ന തന്റെ കല്പനയുടെ പൂർത്തീകരണത്തിനായി സ്ഥാപിച്ച പൗരോഹിത്യവും, തന്റെ സൃഷ്ടികർമ്മത്തിൽ പങ്കുകാരാകാൻ വിളിക്കുന്ന വിവാഹവും സ്വർഗ്ഗീയ യാത്രയിൽ പാഥേയമാകുന്ന രോഗീ ലേപനവും ഗുരുദർശനത്തിന്റെ ശക്തമായ മാർഗ്ഗങ്ങളാണ്. കൂദാശ കളെപ്പറ്റി കൂടുതൽ പഠിക്കുവാനും അവയെ സ്നേഹിക്കുവാനും കൂദാ ശാധിഷ്ഠിത ജീവിതം നയിക്കുവാനും വിശ്വാസപരിശീലനം വഴി കൂടു തൽ ശ്രമിക്കാം.

കുടുംബം വിശ്വാസപരിശീലനത്തിന്റെ പ്രഥമ കളരിയാണ്. മാതാ പിതാക്കളേ, നിങ്ങളുടെ സ്നേഹസംരക്ഷണങ്ങളിലൂടെയാണ് ദൈവചിന്ത മക്കളുടെ ബുദ്ധിയിലും മനസ്സിലും മൂർത്തമാകുന്നത് എന്ന മനഃശാസ്ത്ര തത്വം എല്ലാവരും സ്മരിക്കണം. അതിന് വിപരീതമായ അനുഭവങ്ങൾ അവരെ വിഷാദ ഭരിതരും നിരാശരും, നിരാശ്രയരും ഈശ്വരവിശ്വാസമി ല്ലാത്തവരും ആക്കും. വി. പൗലോസ് ശ്ലീഹ പറയുന്നു. 'കുഞ്ഞുങ്ങളേ, നിങ്ങളിൽ യേശു രൂപപ്പെടുന്നതുവരെ ഞാൻ പ്രസവവേദന അനുഭവി ക്കുന്നു' കുഞ്ഞുങ്ങളിൽ യേശുവിന് രൂപം നൽകുന്നത് മാതാപിതാക്ക ളുടെ നോവുകളും നൊമ്പരങ്ങളുമാണ്. ഓരോ കുടുംബവും സഭയുടെ ചെറു പതിപ്പാണ്. സ്വർഗ്ഗത്തിന്റെ പ്രതിരൂപമാണ്. മഹിതമായ ഈ

കാഴ്ചപ്പാട് എല്ലാ മാതാപിതാക്കൾക്കും ഉണ്ടാകട്ടെ. കുടുംബത്തിലെ എല്ലാ ആഘോഷവേളകളെയും നിങ്ങൾ വിശുദ്ധീകരിക്കുക. ധൂർത്തായും മദ്യമായും മാമ്മോൻ അവിടെ കടന്നുവരാതിരിക്കട്ടെ.

പ്രിയ അദ്ധ്യാപകരേ, അതുല്യമായ ശുശ്രൂഷയാണ് മതബോധനം. ഭൗതികമായ നേട്ടങ്ങളൊന്നുമില്ലാത്ത പ്രേഷിതദൗത്യം. എന്നാൽ, അത് ഈ ലോകത്തെ ക്രിസ്തുവിലേയ്ക്ക് രൂപാന്തരപ്പെടുത്തുന്ന മഹനീയ കൃത്യമാണ്. ഈ ലോകത്തിന്റെ വിലോപനീയ തന്ത്രങ്ങളും മായിക രീതികളും നമ്മുടെ കുഞ്ഞുങ്ങളെ വഴിതെറ്റിക്കാതിരിക്കാൻ നിങ്ങൾ അവരുടെ കാവൽക്കാരാകണം.

മതബോധനം അഥവാ വിശ്വാസപരിശീലനം ഒരു തുടർപ്രക്രിയയാണ്. ഔപചാരികമായ മതബോധന സമ്പ്രദായം കാലോചിതമാക്കണം. അത് സഭ ആഗ്രഹിക്കുന്നതും സഭാധികാരികൾ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന കാര്യവുമാണ്. ഈ വർഷം മതബോധന രംഗത്ത് നാം സ്വീകരിക്കുന്ന പുതിയ പദ്ധതിയാണ് 'വചനം എന്റെ ജീവൻ' എന്നത്. ഒരു വർഷം നീണ്ടുനിൽക്കുന്ന തിരുവചന പഠന ഡയറി കുട്ടികളിൽ വചനാഭിമുഖ്യം വളർത്താനും മതബോധന രംഗം കൂടുതൽ സജീവമാക്കാനും അങ്ങനെ വചനം ജീവിതത്തിൽ പ്രാവർത്തികമാക്കുന്ന ഒരു പുതിയ തലമുറയെ വാർത്തെടുക്കുവാനും ഇതുവഴി സാധ്യമാകട്ടെ.

കുഞ്ഞുങ്ങളേ, പെരുന്നാളുകളും വിവാഹദിന ആഘോഷങ്ങളും കോച്ചിംഗ് ക്ലാസ്സുകളും ക്രമീകൃതമായ മതബോധന സമ്പ്രദായത്തിന് വിഘാതം സൃഷ്ടിക്കാൻ ഒരു കാരണവശാലും ഇടയാകരുത്. ഉന്നതമായ ക്രിസ്തീയ മൂല്യങ്ങളുടെ പരിശീലനവേദിയാകട്ടെ നമ്മുടെ മതബോധനാലയങ്ങൾ. പൗലോസ് ശ്ലീഹ കൊറിന്തോസിലെ സഭയോട് ചോദിക്കുന്നതുപോലെ, "കർത്താവിനെ പഠിപ്പിക്കാൻ തക്കവിധം അവിടുത്തെ മനസ്സറിഞ്ഞവൻ ആരുണ്ട്? ഞങ്ങളാകട്ടെ, ക്രിസ്തുവിന്റെ മനസ്സറിയുന്നു" (1 കൊറി. 2:16) എന്ന് നമുക്കും പറയാൻ കഴിയണം. അതിനായി കർത്താവിന്റെ മനസ്സറിയാൻ, അവിടുത്തെ, ലോകത്തിൽ പഠിപ്പിക്കാൻ നമുക്ക് കഴിയട്ടെയെന്നാശംസിക്കുന്നു.



**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപതാ മെത്രാൻ

---

NB: ഈ ഇടയലേഖനം ജൂൺ 6-ാം തിയ്യതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. ✞ P.K.

# യുവജനദിനം - 2010

## കെ.സി.ബി.സി. യുവജന കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

*"യുവജനങ്ങളേ, ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു. എന്തെന്നാൽ നിങ്ങൾ ശക്തന്മാരാണ്. ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു; നിങ്ങൾ ദുഷ്ടനെ ജയിക്കുകയും ചെയ്തിരിക്കുന്നു" (1 യോഹ.1:14).*

*വാത്സല്യമുള്ള സഹോദരങ്ങളേ,*

നിത്യയുവാവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കെല്ലാവർക്കും യുവജനദിനത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. ജൂലൈ 4 -നാണ് കേരളസഭ ഈ വർഷം യുവജനദിനമായി ആചരിക്കുന്നത്. "നമുക്കും അവനോടൊപ്പം പോയി രക്തസാക്ഷിത്വം വരിക്കാം" എന്ന് ഉദ്ഘോഷിച്ച ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിനുശേഷം വരുന്ന ഞായറാഴ്ചയാണ് കേരളസഭ യുവജനദിനമായി ആചരിച്ചു വരുന്നത്. വളരെ പ്രതീക്ഷയോടും താൽപര്യത്തോടും സ്നേഹത്തോടുംകൂടെ യുവജനങ്ങളെ നോക്കികാണുന്നതുകൊണ്ട് യുവജനശുശ്രൂഷയ്ക്ക് വലിയ പ്രാധാന്യം തിരുസ്സഭ നല്കുന്നു. ഈ അവസരത്തിൽ ധ്യാനാത്മകമായി പരിചിന്തനം ചെയ്യുവാനും ഫലവത്തായി പ്രവൃത്തിപഥത്തിലെത്തിക്കുവാനുമായി വളരെ പ്രധാനപ്പെട്ട ചില ആശയങ്ങൾ ഞാൻ നിങ്ങളോട് പങ്കുവയ്ക്കുകയാണ്.

ഈ വർഷത്തെ യുവജനദിനാഘോഷവേളയിൽ രണ്ടു പ്രത്യേക കാര്യങ്ങൾ ശ്രദ്ധേയമാണ്. ഒന്ന്, ലോകയുവജനദിനാചരണത്തിന്റെ രജത ജൂബിലി വർഷമാണിത്. 1986-ലാണ് ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ലോക യുവജനദിനാചരണത്തിനു തുടക്കം കുറിച്ചത്. ലോകയുവജനദിനം ഓശാന ഞായറാഴ്ചയാണ് ആചരിച്ചുവരുന്നത്. കൂടാതെ മൂന്ന് വർഷത്തിലൊരിക്കൽ ഇത് അന്താരാഷ്ട്രതലത്തിൽ വിവിധ പരിപാടികളോടെ സാഘോഷം നടത്തിവരുന്നുമുണ്ട്. അന്തർദ്ദേശീയ സമ്മേളനങ്ങളിൽ എല്ലായിടത്തും മാർപാപ്പ പങ്കെടുക്കാറുണ്ട്. സ്പെയിനിലെ മാഡ്രിഡിൽവച്ച് 2011 ആഗസ്റ്റ് മാസത്തിലാണ് അടുത്ത ലോകയുവജനദിന സമ്മേളനം നടക്കുന്നത്.

ഇരുപത്തഞ്ചാം ലോകയുവജന ദിനത്തോടനുബന്ധിച്ച് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പ്രത്യേക സന്ദേശം പുറത്തിറക്കിയിട്ടുണ്ട്. ഇരുപത്തഞ്ചു വർഷങ്ങൾക്കു മുമ്പ് അന്താരാഷ്ട്ര യുവജനവർഷത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ യുവജനങ്ങൾക്കായി എഴുതിയ

അപ്പസ്തോലിക ലേഖനത്തിലെ അടിസ്ഥാന ചിന്തകളാണ് ഈ വർഷത്തെ സന്ദേശത്തിലും ഉള്ളത്. വിശുദ്ധ മർക്കോസിന്റെ സുവിശേഷത്തിലെ "ഗുരോ നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?" എന്ന ചോദ്യത്തെ ആസ്പദമാക്കിയായിരുന്നു അദ്ദേഹം അപ്പസ്തോലിക ലേഖനം തയ്യാറാക്കിയത്. ഇതിന്റെ ചുവടുപിടിച്ച്, യേശുവും യുവജന ങ്ങളും തമ്മിലുള്ള ബന്ധം, തിരുസഭയിൽ യുവജനങ്ങൾ വഹിക്കേണ്ട പങ്കാളിത്തം, പ്രാർത്ഥനാജീവിതം തുടങ്ങിയ കാര്യങ്ങൾ വിശദീക രിച്ചശേഷം യുവജനങ്ങളുടെ സാമൂഹിക രാഷ്ട്രീയ പ്രേഷിതത്വത്തിന് ശക്തമായ ആഹ്വാനമാണ് ഈ വർഷത്തെ ലോകയുവജന സന്ദേശത്തിൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നല്കുന്നത്. ഈ സന്ദേശത്തിന്റെ ഏറ്റവും മർമ്മപ്രധാനമായ ഭാഗം ശ്രദ്ധിക്കുക: സമഗ്രമായ മാനുഷിക വികസനത്തെക്കുറിച്ച് ഞാൻ എഴുതിയ 'സത്യത്തിൽ സ്നേഹം' എന്ന ചാക്രിക ലേഖനത്തിൽ ഈ കാലഘട്ടത്തിലെ പ്രധാന വെല്ലുവിളികളുടെ പട്ടിക കൊടുത്തിട്ടുണ്ട്. അവ ഈ ലോകത്തിലെ ജീവിതത്തെ സംബന്ധി ച്ചിടത്തോളം അടിസ്ഥാനപരവും അടിയന്തിര സ്വഭാവമുള്ളതുമാണ്. ഭൗതികവിഭവങ്ങളുടെ ഉപയോഗം, പരിസ്ഥിതിയോടുള്ള ആദരം, വസ്തു ക്കളുടെ നീതിപൂർവ്വകമായ വിതരണം, സാമ്പത്തിക സംവിധാനങ്ങളുടെ നിയന്ത്രണം, മനുഷ്യകുടുംബത്തിലെ ദരിദ്രരാഷ്ട്രങ്ങളോടുള്ള ഐക്യ ദാർഢ്യം, ലോകത്തിൽ വിശപ്പിനെതിരേയുള്ള സമരം, മാനുഷിക തൊഴി ലിന്റെ മഹത്വം വളർത്തൽ, ജീവസംസ്കാരത്തിനുള്ള സേവനം, ജനങ്ങൾ തമ്മിൽ സമാധാനം സ്ഥാപിക്കൽ, മതാന്തരസംവാദം, സാമൂഹിക സമ്പർക്കമാദ്ധ്യമങ്ങളുടെ ശരിയായ വിനിയോഗം എന്നിവയാണവ. കൂടു തൽ നീതിയും സാഹോദര്യവും നിറഞ്ഞ ലോകം നിർമ്മിക്കുവാൻ നിങ്ങൾ പ്രത്യുത്തരം നല്കേണ്ട വെല്ലുവിളികളാണവ. ത്യാഗനിർഭരവും ആവേശകരവുമായ ജീവിത പദ്ധതി ക്രോഡീകരിക്കുവാനുള്ള വെല്ലുവി ളികളാണവ. ആ പദ്ധതിയിൽ ദൈവം നിങ്ങൾക്കായി നിക്ഷേപിച്ചിട്ടുള്ള സമ്പന്നത നിങ്ങൾ നിക്ഷേപിക്കണം. സാഹസികമോ അസാധാരണമോ ആയ പ്രവർത്തനങ്ങളുടെ പ്രശ്നമല്ലിത്. കഴിവുകളും സാധ്യതകളും വിനി യോഗിച്ചുകൊണ്ട്, വിശ്വാസത്തിലും സ്നേഹത്തിലും മുന്നേറാൻ സ്വയം സമർപ്പിച്ചുകൊണ്ട്, പ്രവർത്തിക്കുക എന്ന പ്രശ്നമാണിത് (ലോകയുവ ജനദിനസന്ദേശം, 2010).

യുവജനങ്ങളുടെ ദൗത്യത്തെ സംബന്ധിച്ച് വളരെ വ്യക്തവും കൃത്യ വുമായ പ്രബോധനമാണ് ബെനഡിക്ട് മാർപാപ്പ നല്കുന്നത്. സമൂഹ ത്തിലാണ് യുവജനങ്ങൾ ക്രിസ്തുവിന് സവിശേഷ സാക്ഷ്യം വഹിക്കേ ണ്ടതെന്ന് അദ്ധേഹം പഠിപ്പിക്കുന്നു. നിത്യജീവൻ

കരസ്ഥമാക്കാൻ ഗുരോ എന്താണ് ചെയ്യേണ്ടതെന്ന യുവാവിന്റെ ചോദ്യത്തിനുള്ള ഉത്തരം കൂടിയാണിത്.

രണ്ടാമത്തെ പ്രസക്തമായ കാര്യം, ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ 29-ാമത് പ്ലീനറി സമ്മേളനം കഴിഞ്ഞ ഫെബ്രുവരി 24 മുതൽ മാർച്ച് 3 വരെ ആസ്സാമിലെ ഗോഹട്ടിയിൽവച്ചു നടക്കുകയുണ്ടായി. ഈ സമ്മേളനത്തിന് ഏറെ സവിശേഷതയുണ്ടായിരുന്നു. യുവജനങ്ങൾ 'സമാധാനത്തിനും സമന്വയത്തിനും' എന്ന വിഷയമാണ് സമ്മേളനം ചർച്ച ചെയ്തത്. ഭാരതത്തിലെ മൂഴുവൻ കത്തോലിക്കാമെത്രാന്മാരോ ടൊപ്പം ഭാരത കത്തോലിക്ക യുവജനപ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് 51 യുവജന നേതാക്കൾ ഈ സമ്മേളനത്തിൽ സംബന്ധിക്കുകയുണ്ടായി. യുവജനങ്ങളുടെ പ്രസക്തി കൂടുതൽ പ്രകടമായിക്കൊണ്ടിരിക്കുന്ന ആധുനിക ജീവിതസാഹചര്യങ്ങളിൽ വിശ്വാസത്തിന്റെ പുത്തൻ ജീവിതപന്ഥാവിലേക്ക് യുവജനനിരയെ നയിക്കേണ്ടതുണ്ട് എന്ന് അവർ വിലയിരുത്തി. കൂടുതൽ ഉത്തരവാദിത്വപൂർണ്ണമായ ഒരു ജീവിത ശൈലിയാണ് അത് യുവജനങ്ങളോട് ആവശ്യപ്പെടുന്നത്.

എന്നാൽ ഇന്നത്തെ യുവജനങ്ങൾക്ക് സാമൂഹിക പ്രതിജ്ഞാബദ്ധത കുറയുകയാണെന്ന ആക്ഷേപം വളരെ വ്യാപകമാണ്. സംഘടനാപ്രവർത്തനം, സാമൂഹിക സേവനം, രാഷ്ട്രീയ പ്രവർത്തനം, സഭാപ്രവർത്തനം എന്നിവയിൽനിന്നും യുവജനങ്ങൾ പിൻവലിഞ്ഞു കൊണ്ടിരിക്കുന്നുവെന്ന് സ്ഥിതി വിവരകണക്കുകൾ കാണിക്കുന്നു. ഒരു വ്യക്തിയുടെ ജീവിതത്തിലെ വസന്തകാലമാണ് യുവത്വം. ഏറെ ഊർജ്ജം പ്രസരിക്കുന്ന ഈ കാലഘട്ടത്തിലാണ് സ്നേഹിതനു വേണ്ടി ജീവനർപ്പിക്കുക എന്ന സ്നേഹത്തിന്റെ ഉത്തുംഗശൃംഗത്തിലേയ്ക്ക് യുവജനത്തിന് വളരാനാകുന്നത്. അപരന്റെ വ്യഥകളും വേദനകളും യുവജന മനസ്സുകളിൽ എന്നും അസ്വസ്ഥതകൾ ഉണ്ടാക്കിയിരുന്നു. ആ വേദനയിൽ വിശ്വാസത്തിന്റെ തീക്ഷ്ണത സമന്വയിപ്പിച്ചുകൊണ്ടായിരുന്നു യുവജന ങ്ങൾ സാഹസികതയോടെ സ്വയം മറന്ന് സമൂഹത്തിന്റെ സമഗ്ര നന്മയ്ക്കായി ഇറങ്ങിയിട്ടുള്ളത്. പക്ഷേ, സാമൂഹിക ഇടപെടലുകളിൽനിന്ന് യുവജനങ്ങൾ ഇന്ന് പരാങ്മുഖരായിക്കൊണ്ടിരിക്കുകയാണ്.സ്വന്തം വിദ്യാഭ്യാസം, ജോലി, സുഖസൗകര്യങ്ങൾ, സൗന്ദര്യസംരക്ഷണം, കലാ-കായിക വിനോദങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുന്ന വരായി നമ്മുടെ യുവജനങ്ങൾ മാറുകയാണോയെന്നു സംശയിക്കേണ്ടിയി രിക്കുന്നു. അങ്ങനെ സംഭവിക്കുന്നത് സമൂഹത്തിന് വലിയ നഷ്ടമാണ്.

സാമൂഹിക-സമ്പർക്ക മാധ്യമങ്ങൾ ഭയാനകമായ രീതിയിലാണ് യുവജനങ്ങളെ സ്വാധീനിച്ചു കൊണ്ടിരിക്കുന്നത്. മാനുഷിക-ധാർമ്മിക

മൂല്യങ്ങളെക്കാൾ അധാർമ്മികവും ഭൗതികവുമായ മൂല്യങ്ങൾ അതിശക്തമായി സമൂഹത്തിലേക്ക്, പ്രത്യേകിച്ച് യുവജനങ്ങളിലേക്ക് സന്നിവേശിക്കപ്പെടുകയാണ്. യുവജനങ്ങളുടെ ശാരീരിക തൃഷ്ണകളെ ഉണർത്തി അവരെ കേവലം ഭൗതികരാക്കി മാറ്റുന്നതിന് ഇടയാക്കുന്നു. ഇന്ന് മുതിർന്നവരുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും മനസ്സുകളെ മലീമസമാക്കുന്നതിൽ പോർണോഗ്രാഫി അഥവാ അശ്ലീലദൃശ്യങ്ങൾ വലിയ പങ്കുവഹിക്കുന്നുണ്ട്. ലൈംഗികാഭാസങ്ങളും അശ്ലീലതയും വ്യാപകമാകുന്നതിനതു കാരണമാകുന്നു. പോസ്റ്ററുകൾ, ചീത്തപ്പുസ്തകങ്ങൾ എന്നിവ വഴിയും മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഐഫോൺ, സിഡി, എന്നീ ആധുനിക സാങ്കേതിക സൗകര്യങ്ങൾ വഴിയും വേഗത്തിലും എളുപ്പത്തിലും അശ്ലീലത ലഭ്യമാകുന്നുണ്ട്. ചെറിയപ്രായത്തിൽത്തന്നെ കൂട്ടുകാരുടെയും മറ്റും സ്വാധീനത്തിൽപ്പെട്ട് ഇപ്രകാരമുള്ള ദൃശ്യങ്ങളിൽ മുഴുകുന്നതും അതിന് അടിമകളാകുന്നതും യുവജനങ്ങളെ ഒരുതരത്തിലുള്ള മാനസികരോഗികളാക്കുന്നു. സ്ത്രീകളെ ആക്രമിക്കുന്നതടക്കമുള്ള അപകടകരമായ സാമൂഹികാന്തരീക്ഷം സൃഷ്ടിക്കുന്നു. ലൈംഗികതയുടെ വിശുദ്ധി, മഹത്വം, ദിവ്യത, മനുഷ്യമഹത്ത്വം എന്നിവ തകിടം മറിയ്ക്കപ്പെടുകയും ചെയ്യുന്നു. യുവജനങ്ങളുടെ ഇടയിൽ മദ്യപാനശീലവും വർദ്ധിച്ചുവരികയാണ്. മയക്കുമരുന്നുകളുടെ കെണിയിൽ കുടുങ്ങുന്നവരുടെ എണ്ണവും കൂടുകയാണ്. ഇത്തരം ദുശ്ശീലങ്ങളും വലിയ പ്രതിസന്ധിക്ക് വഴിവയ്ക്കും. സമൂഹത്തിനും സഭയ്ക്കും രാഷ്ട്രീയത്തിനും യുവജനങ്ങളാണ് യുവത്വം പകരേണ്ടത്. ഈ മണ്ഡലങ്ങളിൽ യുവജനങ്ങളുടെ വിമുഖത അപകടകരമാണ്. ഇരുട്ടിനെ പഴിക്കുന്നതിനെക്കാൾ നന്ന് ഒരു തിരിയെങ്കിലും കത്തിക്കുകയാണ് എന്നോർക്കണം.

യുവജനങ്ങൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന നിഷേധാത്മക പരിണാമത്തിന് അവരെ മാത്രമാണോ പഴിക്കേണ്ടതെന്നു മുതിർന്നവർ ആത്മവിമർശനം നടത്തേണ്ടിയിരിക്കുന്നു. യുവജനങ്ങളെ സ്വകാര്യമാത്ര തൽപരരാക്കി മാറ്റുന്ന പ്രവർത്തനങ്ങളുടെയും, ശാരീരിക തൃഷ്ണയിൽ മാത്രം അഭിരമിക്കുന്നവരാക്കിത്തീർക്കുന്നതിന്റെയും പിന്നിലെ ശക്തികളെ നാം മനസ്സിലാക്കണം. കമ്പോള-ഉപഭോഗ സംസ്കാരത്തിലെ സ്പോൺസർമാരുടെ കറുത്ത കരങ്ങളെ നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

ക്രൈസ്തവികത അടിസ്ഥാനപരമായി സമൂഹോന്മുഖമാണ്. സമൂഹത്തെ വിസ്മരിച്ചുകൊണ്ടുള്ള ജീവിതം ക്രൈസ്തവ വിരുദ്ധമാണ്. യഥാർത്ഥ ക്രൈസ്തവയുവത്വം സമൂഹോന്മുഖമായിരിക്കണം എന്ന ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ പ്രബോധനത്തിൽ

യുവജനത്തെ ഉദ്ബുദ്ധരാക്കുകയാണ് എത്രയും പ്രധാനപ്പെട്ട കാര്യം. സാമൂഹിക പ്രതിജ്ഞാബദ്ധത കൊണ്ടു മാത്രമേ സ്വാർത്ഥതയെ ഇല്ലാതാക്കാൻ കഴിയൂ. യുവജന രൂപീകരണത്തിനും സംഘാടനത്തിനും ഗൗരവ പൂർവ കമായ പ്രാധാന്യം നല്കാൻ സി.ബി.സി.ഐ. സമ്മേളനം നമ്മോടാവശ്യ പ്പെടുന്നുണ്ട്. ഓരോ ഇടവകയിലും യുവജന രൂപീകരണത്തിനും, സംഘാടനത്തിനുമുള്ള സംവിധാനങ്ങൾ ശക്തമാക്കണം. എല്ലാ യുവജനങ്ങളെയും സഭയിലെ ഏതെങ്കിലും യുവജനപ്രസ്ഥാനത്തിൽ ചേർന്നു പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കണം. യുവജനങ്ങളും ഉണർന്നു ചിന്തിക്കേണ്ട സമയമാണിത്. ആഗോളീകരണത്തിന്റെ ഈ യുഗത്തിൽ നമ്മുടെ രാഷ്ട്രം വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇതോടൊപ്പം തന്നെ പാർശ്വവത്കരണവും നടന്നുവരികയാണ്. ദളിതർ, ആദിവാസികൾ, ചെറുകിട കർഷകർ, മത്സ്യത്തൊഴിലാളികൾ, സ്ത്രീ തൊഴിലാളികൾ തുടങ്ങിയ നിരവധി വിഭാഗങ്ങൾ പ്രാന്തവത്കരിക്കപ്പെടുകയാണ്. ഈ വിഭാഗങ്ങളിൽപെട്ടവർക്ക് സാമൂഹിക നീതി സംലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളിൽ യുവജനങ്ങൾ ഏർപ്പെടേണ്ടിയിരിക്കുന്നു. രാഷ്ട്രീയപാർട്ടികൾ, ട്രേഡ് യൂണിയനുകൾ, സമുദായ സംഘടനകൾ, പരിസ്ഥിതി സംഘടനകൾ തുടങ്ങിയവയിൽ യുവജനങ്ങൾ നേതൃത്വപരമായ പങ്കുവഹിക്കണം. എങ്കിൽ മാത്രമേ നീതിനിഷ്ഠമായ ഒരു ഇന്ത്യയെന്ന സ്വപ്നം നമുക്ക് സാക്ഷാത്കരിക്കാൻ കഴിയൂ.

അതിന് സഹായകരമായ രീതിയിൽ യൂത്ത്കമ്മീഷൻ ചില നൂതന പദ്ധതികൾക്ക് തുടക്കമിടുകയാണ്. വിദ്യാസമ്പന്നരും അല്ലാത്തവരുമായ നമ്മുടെ മുഴുവൻ യുവജനങ്ങളുടെയും കഴിവുകളും സാദ്ധ്യതകളും സമൂഹനിർമ്മിതിക്കും രാഷ്ട്രവികസനത്തിനും അതുവഴി സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനത്തിനും ഉപയുക്തമാകണം. നിലവിലുള്ള യുവജന സംഘടനകളോടൊപ്പംതന്നെ യുവജനങ്ങളുടെ ജീവിതവൃത്തിയുടെയും കരിയറിന്റെയും അടിസ്ഥാനത്തിൽ വിവിധങ്ങളായ യൂത്ത്ഫോറങ്ങൾ രൂപീകരിച്ച് എല്ലാ യുവജനങ്ങളെയും ഒന്നിച്ചുകൂട്ടുന്നതിന് ആരംഭം കുറിക്കുകയാണ്. ഇതുവഴി നമ്മുടെ സമ്പന്നമായ യുവജനസ്രോതസ്സിനെ സമൂഹത്തിലെ വിവിധ തട്ടുകളിലുള്ള ജനങ്ങളുടെ സമുദ്ധാരണത്തിന് ഉപയുക്തമാക്കാനും യുവജനങ്ങളുടെ തന്നെ സമഗ്രവികസനത്തിന് സഹായകരമാക്കാനും സാധിക്കും.

അതോടൊപ്പം, മറ്റുസംസ്ഥാനങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും പഠനത്തിനും ഉദ്യോഗത്തിനുമായി പോയിട്ടുള്ള യുവജനങ്ങളുടെ അജപാലനശുശ്രൂഷയ്ക്കും നമുക്ക് കടമയുണ്ട്. താത്കാലികമായോ സ്ഥിരമായോ കേരളത്തിൽനിന്നകന്ന് മറ്റുസ്ഥലങ്ങളിലായിരി

ക്കുന്ന യുവജനങ്ങളൊക്കെത്തന്നെ നമ്മുടെ കൂട്ടായ്മകളിലും പരിശീലന പരിപാടികളിലും ഭാഗഭാക്കുകളാണ്. അവരുമായുള്ള ബന്ധം നിലനിർ ത്തുവാനും അവരായിരിക്കുന്ന സാഹചര്യങ്ങളിൽ അവർക്ക് സംഘടനാ പ്രവർത്തനംവഴി വിശ്വാസസാക്ഷ്യജീവിതത്തിന് പ്രചോദനമേകുവാനു മായി 'ഗ്ലോബൽ യൂത്ത് കോയ്നോനിയ'എന്ന പേരിൽ യൂണിറ്റുകളാരംഭി ക്കുവാൻ യൂത്ത് കമ്മീഷൻ പദ്ധതികളൊരുക്കുകയും ഇതിന്റെ പ്രാരംഭന ടപടികൾ വിവിധ രാജ്യങ്ങളിൽ ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

"യുവജനങ്ങളേ, യുവത്വം നിങ്ങളുടെ മാത്രം സ്വത്തല്ല. നിങ്ങളുടെ സ്വകാര്യ സ്വത്തുമല്ല. ഒരു തലമുറയുടെ മാത്രം സ്വത്തുമല്ല. ഓരോ മനു ഷ്യനും തന്റെ ജീവിതയാത്രയിൽ കടന്നുപോകുന്ന മുഴുവൻ സ്ഥലകാല ത്തിന്റെയും സ്വത്താണ്. അതേസമയം അത് ഓരോരുത്തരുടെയും സവി ശേഷ സ്വത്തുമാണ്. മനുഷ്യവംശത്തിന്റെ മുഴുവൻ സ്വത്തുമാണ്" എന്ന ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ അർത്ഥവത്താണ്. (യുവജനങ്ങൾക്കുള്ള അപ്പസ്തോലിക ലേഖനം 1).

ഗോഹട്ടിയിൽ ചേർന്ന ഭാരത കത്തോലിക്കാ മെത്രാൻ സമിതി പുറ ത്തിറക്കിയ ആഹ്വാനത്തിൽ യുവജനങ്ങളുടെ സാമൂഹിക-രാഷ്ട്രീയ പ്രേഷിതത്വത്തിന് വലിയ പ്രാധാന്യം നല്കിയിട്ടുണ്ട്. മനുഷ്യാവകാശ ങ്ങൾ, സാമൂഹിക നീതി എന്നീ പ്രശ്നങ്ങളിൽ ഇടപെടാൻ ഞങ്ങൾ യുവ ജനങ്ങളെ നിർബന്ധിക്കുന്നു. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, സിവിൽ സ്ഥാപനങ്ങൾ, ഭരണസംവിധാനങ്ങൾ എന്നിവയിൽ പങ്കുചേരാൻ ഞങ്ങൾ നിർബന്ധിക്കുന്നു. (സി.ബി.സി.ഐ.-ഗോഹട്ടി സമ്മേളനസന്ദേശം). കഴിഞ്ഞ വർഷത്തെ യുവജനദിന സന്ദേശത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തത്തെക്കുറിച്ച് വേണ്ടതായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് ആസ ന്നമായ ഈ അവസരത്തിൽ മൂല്യബോധമുള്ളവർ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടെങ്കിൽ മാത്രമേ നീതിനിഷ്ഠവും അഴിമതി രഹിതവു മായ ഭരണം ഉണ്ടാകുകയുള്ളൂ എന്ന സത്യം നാം വിസ്മരിക്കാനിടയാക രുത്. അതിനാൽ, നേതൃത്വഗുണവും മൂല്യബോധവുമുള്ള യുവജനങ്ങൾ ഈ രംഗത്തേയ്ക്ക് വരുവാൻ വേണ്ട ഒത്താശയും പരിശീലനവും നല്കേ ണ്ടതുണ്ട്. ഓരോ രൂപതയിലും ഇടവക തലത്തിൽ ഇതിനുള്ള ക്രമീകരണം ഉണ്ടാകണം.

കേരളസഭയ്ക്ക് അഭിമാനിക്കാൻ വക നല്കുന്ന ഒരു പ്രസ്ഥാനമായി കെ.സി.വൈ.എം-ഉം, യുവജനങ്ങൾ ഉൾക്കൊള്ളുന്ന മറ്റു സംഘടനകളും മാറിക്കഴിഞ്ഞു. ഐ.സി.വൈ.എം -ന്റെയും, മിജാർക്കിന്റെയും, ഫിംകാ പ്പിന്റെയും ദേശീയ-അന്തർദ്ദേശീയ നേതൃത്വത്തിലേയ്ക്ക്

നലം തികഞ്ഞ നേതാക്കന്മാരെ സംഭാവന ചെയ്യാൻ കെ.സി.വൈ.എം.ന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലത്തിലേറെയായി കേരളസഭയ്ക്കും പൊതുസമൂഹത്തിനും ഗുണാത്മകമായ സംഭാവനകൾ നല്കാൻ ഈ സംഘടനകൾക്ക്, പ്രത്യേകിച്ച്, കെ.സി.വൈ.എം-ന് സാധിച്ചിട്ടുണ്ട്. കെ.സി.വൈ.എം-ന്റെ യൂണിറ്റുകൾ കേരളത്തിലെ എല്ലാ ഇടവകകളിലും സ്ഥാപിക്കപ്പെടണം. സമൂഹത്തിനും രാഷ്ട്രത്തിനും സഭയ്ക്കും സേവനം ചെയ്യാനുതകുന്ന നിരവധി പേരെ അതുവഴി നമുക്ക് സംഭാവന ചെയ്യാൻ കഴിയും. യുവജനദിനത്തിൽ എല്ലാ ഇടവകകളിലും യുവജനങ്ങൾക്കു വേണ്ടി പ്രത്യേകമായി ദിവ്യബലി അർപ്പിക്കുകയും വിവിധങ്ങളായ പരിപാ ടികൾ ആസൂത്രണം ചെയ്ത് അവർക്ക് പ്രോത്സാഹനം നൽകുകയും വേണം. നമ്മുടെ യുവജനപ്രവർത്തനങ്ങൾക്കു വേണ്ടി സാമ്പത്തിക സഹായവും നൽകണം. അന്നേദിവസം പള്ളികളിൽ പ്രത്യക പിരിവെടുത്ത് മുഴുവൻ തുകയും രൂപതാകേന്ദ്രങ്ങളിൽ ഏല്പിക്കണമെന്ന് അഭ്യർ ത്ഥിക്കുന്നു.

സഭയെ യൗവനയുക്തയാക്കാൻ, സഭയെ കൂടുതൽ ക്രിസ്തുചൈതന്യമുള്ളതാക്കാൻ യുവജനങ്ങളോടാവശ്യപ്പെടുമ്പോൾ യുവാവായ യേശുനാഥൻ സമൂഹത്തിന് നൽകിയ ദിശാബോധം സഭയിലൂടെ ഇന്നത്തെ സമൂഹത്തിന് പകർന്നുനല്കാൻ യുവജനങ്ങളെ സഭ ക്ഷണിക്കുകയാണ്. അത്രയും ശക്തമായ സാന്നിദ്ധ്യമാണ് സഭയ്ക്കുള്ളിൽ യുവജനങ്ങൾക്കുണ്ടാകേണ്ടത്. 'പ്രത്യാശയുടെ പടിവാതിൽ' എന്ന ഗ്രന്ഥത്തിലെ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ആഹ്വാനം നിങ്ങൾക്ക് പ്രചോദനമാകട്ടെ: "ജീവിതത്തിൽ ഏതാനും വർഷം മാത്രം നീണ്ടുനില്ക്കുന്ന സുന്ദരമായ ഒരു കാലഘട്ടം മാത്രമല്ല, ദൈവപരിപാലനയിൽ ഒരു വ്യക്തിക്ക് ലഭിക്കുന്ന ഉത്തരവാദിത്വപൂർണ്ണമായ ഒരു കാലഘട്ടം കൂടിയാണ്, യുവത്വം".

യുവജനങ്ങളെ സ്നേഹിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരുടെ ഉന്നമനത്തിനുവേണ്ടി എല്ലാ സഹായസഹകരണങ്ങളും നൽകുവാനും യുവജനദിനാശംസകളോടെ ഏവരെയും ആഹ്വാനം ചെയ്യുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് വിൻസന്റ് സാമുവൽ,**
ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ

---

(ഈ സർക്കുലർ ജൂലൈ 4-ാം തിയ്യതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ ഇത് വായിക്കുകയോ, ഇതിലെ ആശയങ്ങൾ പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്.)

## ലോകയുവജനദിന സന്ദേശം - 2010

### പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ നൽകുന്നത്

"നല്ലവനായ ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?"

*പ്രിയ സുഹൃത്തുക്കളേ,*

ഈ വർഷം ലോകയുവജനദിന സ്ഥാപനത്തിന്റെ 25-ാം വാർഷികം നാം ആഘോഷിക്കുകയാണ്. ലോകമെങ്ങുമുള്ള വിശ്വാസികളായ യുവജനങ്ങളുടെ വാർഷിക സമ്മേളനമായിട്ടാണ് വന്ദ്യനായ ജോൺപോൾ രണ്ടാമൻ ലോകയുവജനദിനം നിശ്ചയിച്ചത്. അത് പ്രവാചകപരമായ ഒരു പ്രാരംഭമായിരുന്നു. സമൃദ്ധമായ ഫലം അത് പുറപ്പെടുവിച്ചിട്ടുണ്ട്. ക്രൈസ്തവരിലെ പുതിയ തലമുറകൾക്ക് സമ്മേളിക്കാനും ദൈവവചനം ശ്രവിക്കാനും സഭയുടെ സൗന്ദര്യം കണ്ടെത്താനും ക്രിസ്തുവിനുവേണ്ടി പൂർണ്ണമായി സ്വയം സമർപ്പിക്കാൻ അനേകരെ പ്രേരിപ്പിച്ച വിശ്വാസാനുഭവങ്ങളിൽ ജീവിക്കാനും അത് കഴിവു നൽകിയിട്ടുണ്ട്.

മാഡ്രിഡിൽവച്ച് 2011 ആഗസ്റ്റിൽ നടക്കാനിരിക്കുന്ന അടുത്ത ലോകയുവജന സമ്മേളനത്തിന്റെ ഒരു ഘട്ടമാണ് ഈ 25-ാം യുവജനദിനം. ദൈവാനുഗ്രഹത്തിന്റെ ആ സമ്മേളനത്തിൽ ജീവിക്കാൻ നിങ്ങളിൽ ധാരാളംപേർ വന്നുചേരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ആ സമ്മേളനത്തിന്റെ ചിന്താവിഷയത്തെക്കുറിച്ചുള്ള ചില ആശയങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വർഷത്തെ ചിന്താവിഷയം "നല്ലവനായ ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?" (മർക്കോ. 10:17) എന്നതാണ്. യേശു ഒരു സമ്പന്ന യുവാവിനെ കണ്ടുമുട്ടിയ സുവിശേഷ സംഭവത്തെ സംബന്ധിച്ചുള്ളതാണിത്. ഈ വിഷയം 1985-ൽ ജോൺപോൾ രണ്ടാമൻ യുവജനങ്ങളെ ആദ്യമായി അഭിസംബോധന ചെയ്തുകൊണ്ട് എഴുതിയ അതീവ സുന്ദരമായ ലേഖനത്തിൽ ചർച്ച ചെയ്തിട്ടുള്ളതാണ്.

### 1. യേശു ഒരു യുവാവിനെ കണ്ടുമുട്ടുന്നു

വി. മർക്കോസിന്റെ സുവിശേഷത്തിൽ പ്രസ്തുത സംഭവം ഇങ്ങനെ വിവരിക്കുന്നു "യേശു വഴിയിലേയ്ക്കിറങ്ങിയപ്പോൾ ഒരുവൻ ഓടിവന്ന് അവന്റെ മുന്നിൽ മുട്ടുകുത്തി ചോദിച്ചു : നല്ലവനായ ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം? യേശു അവനോടു ചോദിച്ചു: എന്തുകൊണ്ടാണ് നീ എന്നെ നല്ലവൻ എന്നു വിളിക്കുന്നത്? ദൈവം ഒരുവനല്ലാതെ നല്ലവനായി ആരുമില്ല. പ്രമാണങ്ങൾ നിനക്കറിയാമല്ലോ. കൊല്ലരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം

നൽകരുത്, വഞ്ചിക്കരുത്, പിതാവിനെയും മാതാവിനെയും ബഹുമാനിക്കണം". അവൻ പറഞ്ഞു : "ഗുരോ, ചെറുപ്പം മുതൽ ഞാൻ ഇവയെല്ലാം പാലിക്കുന്നുണ്ട്. യേശു സ്നേഹപൂർവ്വം അവനെ കടാക്ഷിച്ചുകൊണ്ട് പറഞ്ഞു : നിനക്ക് ഒരു കുറവുണ്ട്. പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക. ഈ വചനം കേട്ട് അവൻ വിഷാദിച്ച് സങ്കടത്തോടെ തിരിച്ചുപോയി. കാരണം, അവന് വളരെയേറെ സമ്പത്തുണ്ടായിരുന്നു" (മർക്കോ. 10:17-22)

യേശുവിന് യുവജനത്തോട്, നിങ്ങളോട്, നിങ്ങളുടെ പ്രതീക്ഷകളോട്, നിങ്ങളുടെ അഭിനിവേശങ്ങളോട് എത്ര വലിയ താല്പര്യമാണ് ഉള്ളതെന്ന് ഈ വിവരണം കാര്യക്ഷമമായി വ്യക്തമാക്കുന്നുണ്ട്. നിങ്ങളെ വ്യക്തി പരമായി കണ്ടുമുട്ടാനും നിങ്ങളിൽ ഓരോ വ്യക്തിയോടും സംഭാഷണം നടത്താനും അവിടന്ന് എത്രമാത്രം ആഗ്രഹിക്കുന്നുണ്ടെന്നും ഇത് വെളി വാക്കുന്നു. വാസ്തവത്തിൽ, ഇടയ്ക്കു കയറി ചോദിക്കുന്ന യുവാവിനോട് ഉത്തരം പറയാൻ ക്രിസ്തു തന്റെ യാത്ര നിർത്തുന്നു. ആ യുവാവിന് പൂർണ്ണമായി തന്നെത്തന്നെ സംലഭ്യമാക്കുന്നു. ആ യുവാവാകട്ടെ, നല്ലവ നായ ഗുരുവിനോട് സംസാരിക്കാനും ജീവന്റെ വഴിയെ എങ്ങനെ പിന്തുട രാമെന്ന് പഠിക്കാനുമുള്ള തീവ്രമായ ആഗ്രഹത്താൽ പ്രചോദിതനായിരുന്നു. ഈ സുവിശേഷഭാഗം ഉദ്ധരിച്ചുകൊണ്ട്, "ക്രിസ്തുവുമായുള്ള സംഭാഷ ണം വികസിപ്പിച്ചെടുക്കുന്നതിന്" നിങ്ങളിൽ ഓരോരുത്തരോടും ആഹ്വാനം ചെയ്യാൻ എന്റെ മുൻഗാമി ആഗ്രഹിച്ചു. "യുവാവിനെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരവും സാരാംശപരവും ആയ പ്രാധാന്യമുള്ള ഒന്നാണ് പ്രസ്തുത സംഭാഷണം" (Letter to the young people, No. 2).

**2 യേശു അവനെ കടാക്ഷിച്ചുകൊണ്ട് അവനെ സ്നേഹിച്ചു.**

"സുവിശേഷത്തിലെ വിവരണത്തിൽ "യേശു അവനെ കടാക്ഷിച്ചുകൊണ്ട് അവനെ സ്നേഹിച്ചു" എന്ന് വി. മർക്കോസ് ഊന്നിപ്പറയുന്നു (cf.മർക്കോ. 10:21). യേശുവിന്റെ ആ നോട്ടത്തിലാണ് സവിശേഷമായ കണ്ടുമുട്ടലിന്റെയും മുഴുവൻ ക്രൈസ്താനുഭവത്തിന്റെ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. യഥാർത്ഥത്തിൽ ക്രിസ്തുമതം ഒന്നാമതായി ഒരു ധാർമ്മികത എന്നതിനേക്കാൾ, യേശുക്രിസ്തുവിനെ അനുഭവിച്ചറിയലാണ്. നമ്മെ വ്യക്തിപരമായി സ്നേഹിക്കുന്ന, യുവാക്കളെയും വൃദ്ധരെയും, ദരിദ്രരെയും സമ്പന്നരെയും സ്നേഹിക്കുന്ന ക്രിസ്തുവിനെത്തന്നെ. നാം പുറം തിരിഞ്ഞു നിൽക്കുമ്പോഴും അവിടുന്ന് നമ്മെ സ്നേഹിക്കുന്നു.

ജോൺ പോൾ രണ്ടാമൻ മാർപാപ്പ, ഈ സുവിശേഷരംഗം വ്യാഖ്യാനിച്ചുകൊണ്ട്, യുവജനങ്ങളോട് ഇങ്ങനെ കൂട്ടിച്ചേർത്തു പറഞ്ഞു : "നിങ്ങൾ അത്തരമൊരു നോട്ടം അനുഭവിക്കുമെന്ന് ഞാൻ പ്രത്യാശി

ക്കുന്നു. ക്രിസ്തു സ്നേഹത്തോടെ നിങ്ങൾക്കായി സൂക്ഷിക്കുന്ന സത്യം നിങ്ങൾ അനുഭവിച്ചറിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു (Letter to the young people, No. 7). കുരിശിൽ കിടന്നുകൊണ്ട് പൂർണ്ണമായി പ്രകാശിപ്പിച്ച സ്നേഹമാണത്. അതുകൊണ്ടാണ് വി. പൗലോസ് വിസ്മയപൂർവ്വം ഇങ്ങനെ എഴുതിയത് : "എന്നെ സ്നേഹിക്കുകയും എനിക്കായി തന്നെ ത്തന്നെ സമർപ്പിക്കുകയും ചെയ്തവൻ" (ഗലാ. 2:20). ജോൺ പോൾ രണ്ടാമൻ എഴുതുന്നു : പിതാവായ ദൈവം തന്റെ പുത്രനിൽ നമ്മെ എപ്പോഴും സ്നേഹിച്ചു. ക്രിസ്തു ഓരോ വ്യക്തിയെയും എല്ലായ്പ്പോഴും സ്നേഹിക്കുന്നു എന്ന ബോധം നമ്മുടെ മാനുഷികാസ്തിത്വത്തിന്റെ മുഴുവൻ പിന്തുണയുടെയും ഉറപ്പുള്ള കേന്ദ്രമായിത്തീരുന്നു (Letter to the young people, No. 7). അത് എല്ലാ പരീക്ഷകളെയും കീഴടക്കാൻ നമ്മെ ശക്തരാക്കുന്നു. നമ്മുടെ പാപങ്ങളുടെ കണ്ടെത്തൽ, സഹനം, നിരുത്സാഹം.

ക്രൈസ്തവജീവിതത്തിന്റെ മുഴുവൻ ഉറവിടവും സുവിശേഷവൽക്കരണത്തിന്റെ മൗലിക കാരണവും ഈ സ്നേഹത്തിലാണ് കാണുന്നത്.: നമ്മൾ യഥാർത്ഥത്തിൽ യേശുക്രിസ്തുവിനെ കണ്ടുമുട്ടിയെങ്കിൽ, അവിടുത്തെ കടാക്ഷം ഇനിയും ലഭിച്ചിട്ടില്ലാത്തവരോട് അവിടുത്തെക്കുറിച്ച് സാക്ഷ്യം നൽകാതിരിക്കാൻ നമുക്ക് കഴിയുകയില്ല.

**3. ജീവിതപദ്ധതിയുടെ കണ്ടെത്തൽ**

നിങ്ങളിൽ ഓരോ വ്യക്തിയുടെയും അവസ്ഥയോട് വളരെ സാമ്യമുള്ള ഒരവസ്ഥ സുവിശേഷത്തിലെ പ്രസ്തുത യുവാവിൽ കാണാം. നിങ്ങളും ആ യുവാവിനെപ്പോലെ ഗുണത്തിലും ഊർജ്ജത്തിലും സ്വപ്നങ്ങളിലും പ്രത്യാശയിലും സമ്പന്നരാണ്. നിങ്ങൾക്കു സമൃദ്ധമായിട്ടുള്ള സ്രോതസ്സാണ്. നിങ്ങളുടെ പ്രായം തന്നെ നിങ്ങൾക്കു മാത്രമല്ല, മറ്റുള്ളവർക്കും, സഭയ്ക്കും ലോകത്തിനും വലിയ സമ്പത്താണ്.

സമ്പന്ന യുവാവ് യേശുവിനോട് ചോദിക്കുന്നു : "ഞാൻ എന്താണ് ചെയ്യേണ്ടത്"? നിങ്ങൾ മുഴുകിയിരിക്കുന്ന ജീവിതഘട്ടം കണ്ടെത്തലിന്റെ സമയമാണ് : നിങ്ങളുടെമേൽ ദൈവം സമൃദ്ധമായി ചൊരിഞ്ഞിരിക്കുന്ന ദാനങ്ങളും നിങ്ങളുടെ ഉത്തരവാദിത്വങ്ങളും കൂടാതെ നിങ്ങളുടെ ജീവിതപദ്ധതി ക്രോഡീകരിക്കാനുള്ള മൗലിക തിരഞ്ഞെടുപ്പുകളുടെ ഒരു സമയവുമാണിത്. അതുകൊണ്ട് അസ്തിത്വത്തിന്റെ യഥാർത്ഥമായ അർത്ഥമെന്താണെന്നും "എന്റെ ജീവിതത്തിൽ ഞാൻ സംതൃപ്തനാണോ? എനിക്ക് ഇന്ന് എന്തിന്റെയെങ്കിലും അഭാവമുണ്ടോ"? എന്നും സ്വയം ചോദിക്കാനുള്ള നിമിഷമാണിത്.

സുവിശേഷത്തിലെ യുവാവിനെപ്പോലെ, ഒരുപക്ഷേ, നിങ്ങളും

അസ്ഥിരതയുടെയും അസ്വസ്ഥതയുടെയും സഹനത്തിന്റെയും സാഹചര്യങ്ങളിലായിരിക്കും ജീവിക്കുന്നത്. ഇടത്തരമല്ലാത്തൊരു ജീവിതം ആഗ്രഹിക്കാൻ അവ നിങ്ങളെ പ്രേരിപ്പിക്കുന്നുണ്ടാകും. നിങ്ങളോടുതന്നെ ഇപ്രകാരം ചോദിക്കാൻ നിങ്ങൾക്കും തോന്നുന്നുണ്ടാവും : "വിജയപ്രദമായ ജീവിതം എന്തിലാണ് അടങ്ങിയിരിക്കുന്നത്? ഞാൻ എന്താണ് ചെയ്യേണ്ടത്? എന്റെ ജീവിതപദ്ധതി എന്തായിരിക്കണം"? "എന്റെ ജീവിത ത്തിന് പൂർണ്ണമായ മൂല്യവും അർത്ഥവും ഉണ്ടാകാൻ ഞാൻ എന്തു ചെയ്യണം?" (ibid. 3).

ഈ ചോദ്യങ്ങൾ ചോദിക്കാൻ ഭയപ്പെടരുത്! അവ നിങ്ങളെ കീഴടക്കുകയില്ല. മറിച്ച്, നിങ്ങളുടെ ഹൃദയത്തിലുള്ള വലിയ അഭിനിവേശങ്ങളെ പ്രകാശിപ്പിക്കുകയാണ് അവ ചെയ്യുന്നത്. അതുകൊണ്ട് അവ ശ്രദ്ധിച്ചു കേൾക്കണം. ഉപരിപ്ലവമല്ലാത്ത ഉത്തരങ്ങളാണ് അവ പ്രതീക്ഷിക്കുന്നത്. ജീവിതത്തെയും സന്തോഷത്തെയും സംബന്ധിച്ച നിങ്ങളുടെ യഥാർത്ഥ പ്രതീക്ഷകളെ തൃപ്തിപ്പെടുത്താൻ അവയ്ക്കു ശക്തിയുണ്ട്.

നിങ്ങളെ പൂർണ്ണമായി സന്തുഷ്ടരാക്കുന്ന ജീവിതപദ്ധതി കണ്ടെത്താൻ ദൈവത്തെ ശ്രദ്ധിച്ചു കേൾക്കുക. നിങ്ങളിൽ ഓരോ വ്യക്തിയെ സംബന്ധിച്ചും അവിടുത്തേക്ക് ഒരു സ്നേഹപദ്ധതിയുണ്ട്. ആശ്രയബോധത്തോടെ അവിടത്തോട് ചോദിക്കുക : "കർത്താവേ, സ്രഷ്ടാവും പിതാവും എന്ന നിലയിൽ അങ്ങേക്ക് എന്റെ ജീവിതത്തെ സംബന്ധിച്ച് എന്ത് പദ്ധതിയാണ് ഉള്ളത്? എന്താണ് അവിടുത്തെ ഇഷ്ടം? അത് നിറവേറ്റാൻ ഞാൻ ആഗ്രഹിക്കുന്നു" അവിടുന്ന് ഉത്തരം പറയുമെന്ന് തീർച്ചയുണ്ടായിരിക്കട്ടെ. അവിടുന്ന് തരുന്ന ഉത്തരം കേട്ട് ഭയപ്പെടരുത്. "ദൈവം നിങ്ങളുടെ ഹൃദയത്തേക്കാൾ വലിയവനാണ്. അവിടുത്തേക്ക് സകലതും അറിയാം" (1 യോഹ. 3:20).

**4. വന്ന്, എന്നെ അനുഗമിക്കുക**

യേശു സമ്പന്ന യുവാവിനെ അവന്റെ ആഗ്രഹങ്ങളുടെയും പദ്ധതികളുടെയും തൃപ്തിപ്പെടുത്തലിന് അടുത്തേക്ക് പോകാൻ ക്ഷണിച്ചു. അവിടുന്ന് അവനോട് പറഞ്ഞു : "വന്ന് എന്നെ അനുഗമിക്കുക" ക്രൈസ്തവ ദൈവവിളി കർത്താവിന്റെ സ്നേഹപൂർണ്ണമായ നിർദ്ദേശത്തിൽനിന്ന് ഉറവെടുക്കുന്നു. അത് യഥാർത്ഥമാക്കുന്നത് സ്നേഹം നൽകുന്ന പ്രത്യുത്തരത്തിന്റെ സഹായത്താൽ മാത്രമാണ്. "യേശു തന്റെ ശിഷ്യരെ സമ്പൂർണ്ണ ജീവിതദാനത്തിനായി ക്ഷണിച്ചു. മാനുഷിക കണക്കുകൂട്ടലുകളോ, പ്രയോജനമോ ഇല്ലാത്തതും നിബന്ധനകൾ ഇല്ലാത്ത ദൈവാശ്രയ ബോധത്തോടു കൂടിയതുമായ ദാനത്തിനായി തന്നെ വിശുദ്ധർ ത്യാഗനിർഭരമായി ക്ഷണം സ്വീകരിച്ചു; ക്രൂശിതനും ഉത്ഥിതനും ആയ ക്രിസ്തു

വിനെ വിനീതമായ വിധേയത്വത്തോടെ പിന്തുടർന്നു. അവരുടെ പിന്തുണ ചിലപ്പോൾ മാനുഷികമായി അഗ്രാഹ്യമായിരിക്കുന്ന വിശ്വാസത്തിന്റെ യുക്തിയിൽ അടങ്ങിയിരിക്കുന്നു. തന്നെത്തന്നെ കേന്ദ്രത്തിൽ പ്രതിഷ്ഠി ക്കാതെ, സുവിശേഷമനുസരിച്ച് സമകാലീന ജീവിതത്തിനെതിരെ പോകാൻ തീരുമാനിക്കുന്നതിലാണ് അത് ഉൾക്കൊണ്ടിരിക്കുന്നത് (Benedict XVI, Homily at Canonization Mass, L' osservatore Romano, 12:13 October 2009, p. 6).

നിങ്ങളും പ്രിയ സുഹൃത്തുക്കളേ, അനേകം ക്രിസ്തുശിഷ്യരുടെ മാതൃകയനുസരിച്ച് ക്രിസ്തുവിനെ അനുഗമിക്കാനുള്ള ക്ഷണം സന്തോ ഷപൂർവ്വം സ്വീകരിക്കുവിൻ. ഈ ലോകത്തിൽ തീവ്രതയോടെ ജീവി ക്കാനുള്ള ക്ഷണമാണത്. യഥാർത്ഥത്തിൽ വസ്തുനിഷ്ഠമായ പ്രവൃത്തി കളോടെ തന്നെ അനുഗമിക്കാനും എല്ലാറ്റിനും ഉപരിയായി തന്നെ സ്നേഹിക്കാനും, സഹോദരരിലൂടെ തന്നെ സേവിക്കാനും അവിടുന്ന് മാമ്മോദീസയിൽ ഓരോ വ്യക്തിയെയും ക്ഷണിച്ചിട്ടുണ്ട്. സമ്പന്ന യുവാ വ്, നിർഭാഗ്യവശാൽ യേശുവിന്റെ ക്ഷണം സ്വീകരിച്ചില്ല. ദുഃഖിതനായി അവൻ തിരിച്ചുപോയി. യേശു നിർദ്ദേശിച്ച ഏറ്റവും വലിയ നന്മ കണ്ടെ ത്തുന്നതിന് തന്റെ ഭൗതിക നന്മകളിൽനിന്ന് മാറിനിൽക്കാൻ വേണ്ട ധൈര്യം അവനുണ്ടായിരുന്നില്ല.

ക്രിസ്തുവിനെ അനുഗമിക്കാൻ ആവശ്യമായ ധീരതയില്ലാത്ത പ്പോൾ, ശരിയായ തിരഞ്ഞെടുപ്പ് നടത്താൻ വേണ്ടത്ര ധൈര്യമില്ലാത്ത പ്പോൾ, ഓരോ വ്യക്തിയുടെയും മനസ്സിലുണ്ടാകുന്ന ദുഃഖമാണ് സുവി ശേഷത്തിലെ സമ്പന്ന യുവാവിനുണ്ടായിരുന്നത്. എന്നാലും പ്രത്യുത്ത രിക്കാനുള്ള സമയം ഇനിയും ഉണ്ട്.

സ്നേഹപൂർവ്വം നോക്കുന്നതിൽനിന്നും തന്റെ ശിഷ്യരാകാൻ വിളി ക്കുന്നതിൽനിന്നും യേശു ഒരിക്കലും പിൻമാറുന്നില്ല. എന്നാൽ ചിലർക്ക് അവിടന്ന് കൂടുതൽ മൗലികമായ തിരഞ്ഞെടുപ്പ് നിർദ്ദേശിക്കുന്നു. ശുശ്രൂഷാപൗരോഹിത്യത്തിന്റെ വഴിയിലുള്ള മഹത്തായ ദാനത്തിന് കർത്താവ് ക്ഷണിച്ചാൽ ഏതു ശ്രദ്ധാപൂർവ്വം ശ്രവിക്കണമെന്ന് ഈ പൗരോഹിത്യവർഷത്തിൽ ആൺകുട്ടികളെ ഞാൻ ആഹ്വാനം ചെയ്യുന്നു. അവർ ഒരു വൈദികന്റെയോ ആദ്ധ്യാത്മിക ഡയറക്ടറുടെയോ സഹാ യത്താൽ തിരിച്ചറിയലിന്റെ അത്യാവശ്യ മാർഗ്ഗത്തിലൂടെ ഈ സവിശേഷ സ്നേഹത്തിന്റെ അടയാളം ഔദാര്യത്തോടും ആവേശത്തോടും കൂടെ സ്വീകരിക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. പ്രിയ ബാലികാ ബാല ന്മാരേ, കർത്താവ് നിങ്ങളെ സന്യാസ ജീവിതപരമോ താപസ ജീവിതപരമോ സവിശേഷ സമർപ്പണപരമോ ആയ ജീവിതത്തിലേക്ക്

വിളിക്കുന്നുവെങ്കിൽ ഭയപ്പെടരുത്. ധീരതയോടെ പ്രത്യുത്തരിക്കുന്ന വ്യക്തിക്ക് അഗാധമായ സന്തോഷം നൽകാൻ അവിടുത്തേയ്ക്ക് കഴിവുണ്ട്. കൂടാതെ വിവാഹജീവിതത്തിലേയ്ക്കുള്ള ദൈവവിളി അനുഭവപ്പെടുന്നവർ അത് വിശ്വാസപൂർവ്വം സ്വീകരിക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. മഹത്തായ സ്നേഹം ജീവിക്കാനുള്ള ദൃഢമായ അടിസ്ഥാനമിടാൻ സ്വയം സമർപ്പിച്ചുകൊണ്ട്, സമൂഹത്തിനും സഭയ്ക്കും സമ്പത്തും അനുഗ്രഹവുമായിരിക്കുന്ന ജീവന്റെ ദാനത്തോട് വിശ്വസ്തതയും കൂറും പ്രദർശിപ്പിച്ചുകൊണ്ട് അത് സ്വീകരിക്കണം.

**5 നിത്യജീവനെ ലക്ഷ്യംവച്ചുകൊണ്ട്**

"നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?" സുവിശേഷത്തിലെ യുവാവിന്റെ ഈ ചോദ്യം ഇക്കാലത്തെ അനേകം യുവതീയുവാക്കൾക്ക് താല്പര്യമില്ലാത്ത ഒന്നായി തോന്നുന്നു. കാരണം, എന്റെ മുൻഗാമി നിരീക്ഷിച്ചതുപോലെ, നമ്മുടെ തലമുറയുടെ അസ്തിത്വത്തിന്റെ ചക്രവാളം ലോകവും ഭൗതിക പുരോഗതിയുംകൊണ്ട് നിറഞ്ഞിരിക്കുന്നു (Letter to the young people, No. 5). എന്നാൽ "നിത്യജീവനെ"ക്കുറിച്ചുള്ള ചോദ്യം അസ്തിത്വത്തിന്റെ പ്രത്യേകമായ വേദന നിറഞ്ഞ നിമിഷങ്ങളിൽ ഉയർന്നു വരും. നമ്മോടടുപ്പമുള്ള ഒരു വ്യക്തിയെ നഷ്ടപ്പെടുമ്പോൾ നാം പരാജയത്തിന്റെ അനുഭവം ജീവിക്കുമ്പോൾ.

എന്നാൽ ആ യുവാവ് പരാമർശിക്കുന്ന "നിത്യജീവൻ" എന്താണ്? യേശു തന്റെ ശിഷ്യന്മാരുടെ നേരെ തിരിഞ്ഞ് ഇപ്രകാരം ഉറപ്പിച്ചു പറയുമ്പോൾ അതു വ്യക്തമാക്കിയിട്ടുണ്ട് : "ഞാൻ നിങ്ങളെ വീണ്ടും കാണും. നിങ്ങളുടെ ഹൃദയം സന്തോഷിക്കുകയും ചെയ്യും. നിങ്ങളിൽനിന്ന് നിങ്ങളുടെ സന്തോഷം ആരും എടുത്തു മാറ്റുകയില്ല" (യോഹ. 16:22). അനന്തമായ സന്തോഷത്തിന്റെയും എന്നേയ്ക്കും ദൈവസ്നേഹം നിറഞ്ഞിരിക്കുന്നതു മൂലമുള്ള ആഹ്ലാദത്തിന്റെയും ഉന്നതമായ നിർദ്ദേശത്തെ സൂചിപ്പിക്കുന്ന വാക്കുകളാണവ.

നമ്മിൽ ഓരോ വ്യക്തിയെയും കാത്തിരിക്കുന്ന സുനിശ്ചിതമായ ഭാവിയെപ്പറ്റി സ്വയം ചോദിക്കുകയെന്നത് അസ്തിത്വത്തിന് പൂർണ്ണമായ അർത്ഥം നൽകുന്നു. കാരണം, അത് ജീവിതപദ്ധതിയെ പരിമിതമല്ലാത്തതും കടന്നുപോകാത്തതും സമൃദ്ധവും അഗാധവുമായ ചക്രവാളങ്ങളെ ലക്ഷ്യം വയ്ക്കുന്ന ഒന്നാക്കി മാറ്റുന്നു. ദൈവം വളരെയേറെ സ്നേഹിച്ച ലോകത്തെ സ്നേഹിക്കാൻ അത് പ്രേരിപ്പിക്കുന്നു. ലോകത്തിന്റെ പുരോഗതിക്കായി സ്വയം സമർപ്പിക്കാൻ അത് പ്രചോദിപ്പിക്കുന്നു. എന്നാൽ എപ്പോഴും വിശ്വാസത്തിൽനിന്നും പ്രത്യാശയിൽനിന്നും ഉണ്ടാകുന്ന സ്വാതന്ത്ര്യത്തോടെയാണ് അപ്രകാരം ചെയ്യുന്നത്. ദൈവം

നമുക്കായി കൂടുതൽ ശ്രേഷ്ഠമായ പദ്ധതി തയ്യാറാക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് ഭൗതിക വസ്തുക്കളെ പരമപ്രാധാന്യമുള്ളവയായി കാണാതിരിക്കാൻ സഹായിക്കുന്ന ചക്രവാളങ്ങളാണവ. വി. അഗസ്തീനോസിനോടൊപ്പം ഇപ്രകാരം ആവർത്തിക്കാൻ അത് പ്രേരിപ്പിക്കുന്നു : "ഞങ്ങൾ ഒന്നിച്ച് സ്വർഗ്ഗീയ മാതൃരാജ്യം ആഗ്രഹിക്കുന്നു. സ്വർഗ്ഗീയ മാതൃരാജ്യത്തെ ഓർത്തു ഞങ്ങൾ ദീർഘനിശ്വാസം വിടുന്നു. ഇവിടെ, താഴെ ഞങ്ങൾ തീർത്ഥാടകരാണെന്ന് ഞങ്ങൾക്ക് തോന്നുന്നു" (Commentary on St. John's Gospel Homily 35,9). 1925-ൽ 24-ാം വയസ്സിൽ ചരമമടഞ്ഞ വാഴ്ത്തപ്പെട്ട പീർ ജീയോർജിയോ ഫ്രസ്സാത്തി നിത്യജീവിതത്തിൽ നോട്ടമുറപ്പിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു : "എനിക്ക് ജീവിക്കണം, കഷ്ടിച്ചു കഴിഞ്ഞു കൂടിയാൽപ്പോരാ". ആരോഹണത്തിന്റെ ഒരു ചിത്രം ഒരു സുഹൃത്തിന് അദ്ദേഹം അയച്ചു. അതിൽ ഇങ്ങനെ എഴുതി : "ഉന്നതങ്ങളിലേയ്ക്ക്". ക്രൈസ്തവ പുണ്യപൂർണ്ണതയെയും നിത്യ ജീവിതത്തെയും സൂചിപ്പിക്കാനാണ് അങ്ങനെ എഴുതിയത് : പ്രിയ യുവജനങ്ങളേ, നിങ്ങളുടെ ജീവിതപദ്ധതിയിൽ ഈ വീക്ഷണം മറന്നു കളയരുതെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. നാം നിത്യതയിലേയ്ക്ക് വിളിക്കപ്പെട്ടവരാണ്. എന്നേക്കും തന്നോടൊപ്പമായിരിക്കാൻ വേണ്ടിയാണ് ദൈവം നമ്മെ സൃഷ്ടിച്ചത്. ഈ ചിന്ത നിങ്ങളുടെ തെരഞ്ഞെടുപ്പുകൾക്ക് പൂർണ്ണമായ അർത്ഥവും നിങ്ങളുടെ അസ്തിത്വത്തിന് മേന്മയും നൽകും.

**6 വേദപ്രമാണങ്ങൾ, അകൃത്രിമ സ്നേഹത്തിന്റെ മാർഗ്ഗം**

നിത്യജീവൻ അവകാശമാക്കാൻ അത്യാവശ്യ വ്യവസ്ഥകളായി പത്തു കല്പനകളെപ്പറ്റി യേശു സമ്പന്ന യുവാവിനെ ഓർമ്മിപ്പിക്കുന്നു. സ്നേഹത്തിൽ ജീവിക്കാനും, തിന്മയിൽനിന്ന് നന്മയെ വ്യക്തമാക്കി തിരിച്ചറിയാനും ദൃഢവും ചിരസ്ഥായിയുമായ ജീവിതപദ്ധതി ക്രോഡീകരിക്കാനും അവ അത്യാവശ്യ പരാമർശ കേന്ദ്രങ്ങളാണ്. നിങ്ങൾ 10 കല്പനകൾ അറിയുന്നുണ്ടോ എന്നും ദൈവിക നിയമമനുസരിച്ച് മനഃസാക്ഷി രൂപപ്പെടുത്തുവാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ എന്നും അത് നിങ്ങൾ പ്രയോഗത്തിലാക്കുമോ എന്നും യേശു നിങ്ങളോട് ചോദിക്കുന്നു.

ഈ ചോദ്യങ്ങൾ തീർച്ചയായും ഇന്നത്തെ മനോഭാവത്തിനെതിരാണ്. മൂല്യങ്ങളോടും ചട്ടങ്ങളോടും വസ്തുനിഷ്ഠമായ നിയമങ്ങളോടും ബന്ധമില്ലാത്ത ഒരു സ്വാതന്ത്ര്യമാണ് സമകാലീന മനോഭാവം നിർദ്ദേശിക്കുന്നത്. കാലികങ്ങളായ ആഗ്രഹങ്ങളുടെ പരിമിതപ്പെടുത്തലെല്ലാം ഉപേക്ഷിക്കാൻ അതു ക്ഷണിക്കുകയും ചെയ്യുന്നു. എന്നാൽ ഈ നിർദ്ദേശം യഥാർത്ഥ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുന്നതിനു പകരം മനുഷ്യനെ തന്റെ തന്നെ അടിമയാക്കുന്നു, തൊട്ടടുത്ത ആഗ്രഹങ്ങളുടെയും

അധികാരം, പണം, അനിയന്ത്രിത സുഖാനുഭവങ്ങൾ, ലോകത്തിന്റെ ആകർഷണങ്ങൾ മുതലായ വിഗ്രഹങ്ങളുടെ അടിമയാക്കി മാറ്റുന്നു. സ്നേഹിക്കാനുള്ള യഥാർത്ഥ വിളി അനുസരിക്കാൻ അശക്തനാക്കുകയും ചെയ്യുന്നു.

ദൈവം നമുക്ക് കല്പനകൾ നൽകുന്നത് യഥാർത്ഥ സ്വാതന്ത്ര്യത്തിൽ നമ്മെ പരിശീലിപ്പിക്കാനും സ്നേഹം, നീതി, സമാധാനം എന്നിവയുടെ ഒരു രാജ്യം നിർമ്മിക്കാനും അവിടന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ്. അവ ശ്രദ്ധിക്കുകയും പ്രയോഗത്തിലാക്കുകയും ചെയ്യുന്നതിന്റെ അർത്ഥം ഒറ്റപ്പെട്ടു പോവുക എന്നല്ല. യഥാർത്ഥ സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പാത കണ്ടെത്തുക എന്നതാണ്. എന്തെന്നാൽ കല്പനകൾ സന്തോഷത്തെ പരിമിതപ്പെടുത്തുന്നില്ല. പിന്നെയോ അതെങ്ങനെ കണ്ടെത്താമെന്ന് സൂചിപ്പിക്കുകയാണ്. "ദൈവം നല്ലവനാ"കയാൽ അവിടുത്തെ കല്പനകൾ നല്ലതാണെന്ന് യേശു ധനിക യുവാവുമായുള്ള സംഭാഷണത്തിന്റെ പ്രാരംഭത്തിൽ ഓർമ്മിപ്പിച്ചിട്ടുണ്ട്.

**7 ഞങ്ങൾക്ക് നിങ്ങളെ ആവശ്യമുണ്ട്**

യൗവ്വനത്തിലായിരിക്കുന്നവർ അനേകം പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നു. തൊഴിൽ, ഉറപ്പുള്ള ആദർശത്തിന്റെ പരാമർശകേന്ദ്രങ്ങൾ, ഭാവിയെ സംബന്ധിച്ച വസ്തുനിഷ്ഠമായ വീക്ഷണം എന്നിവയുടെ അഭാവത്തിൽ നിന്നാണ് ആ പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ഇന്നത്തെ വിഷമസന്ധികളുടെയും പരിവർത്തനത്തിന്റെയും മുൻപിൽ ഒന്നും ചെയ്യാൻ കഴിവില്ലെന്ന് ചിലപ്പോൾ തോന്നിപ്പോകും. ഈ പ്രയാസങ്ങൾ എല്ലാം ഉണ്ടെങ്കിലും നിങ്ങൾ നഷ്ടധൈര്യരാകരുത്. നിങ്ങളുടെ സ്വപ്നങ്ങൾ ഉപേക്ഷിക്കരുത്. പകരം നിങ്ങളുടെ ഹൃദയത്തിൽ സാഹോദര്യത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും വലിയ ആഗ്രഹങ്ങൾ വളർത്തുക. ഭാവി നിങ്ങളുടെ കൈകളിലാണ്. എന്തെന്നാൽ നിങ്ങളുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ കർത്താവായ ദൈവം നിക്ഷേപിച്ചിരിക്കുന്ന സമ്പന്നത ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ വഴി രൂപപ്പെടുത്തിയാൽ ലോകത്തിന് പ്രത്യാശ നൽകാൻ കഴിവുള്ളതാണ്. ക്രിസ്തുവിന്റെ സ്നേഹത്തിലുള്ള വിശ്വാസം നിങ്ങളെ ശക്തരും ഉദാരശീലരുമാക്കും. ജീവിതയാത്ര പ്രശാന്തതയോടെ നയിക്കാനും കുടുംബജീവിതം സ്വീകരിക്കാനും തൊഴിൽപരമായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനും വേണ്ട ധൈര്യം അതു നൽകും. ഗൗരവാവഹമായ വൈയക്തിക പരിശീലനവും പഠനവും വഴി നിങ്ങളുടെ ഭാവി പടുത്തുയർത്താൻ പരിശ്രമിക്കുവിൻ. യോഗ്യവും ഉദാരതാപൂർണ്ണവുമായ രീതിയിൽ പൊതുനന്മക്ക് സേവനം ചെയ്യാൻ തന്നെ.

സമഗ്രമായ മാനുഷിക വികസനത്തെക്കുറിച്ച് ഞാൻ എഴുതിയ "സത്യത്തിൽ സ്നേഹം"എന്ന ചാക്രികലേഖനത്തിൽ ഇന്നത്തെ മഹാ

വെല്ലുവിളികളുടെ ഒരു പട്ടിക കൊടുത്തിട്ടുണ്ട്. അവ ഈ ലോകത്തിലെ ജീവിതത്തെ സംബന്ധിച്ചിടത്തോളം അടിയന്തിര സ്വഭാവം ഉള്ളവയും അടിസ്ഥാനപരവുമായിട്ടുള്ളതാണ് : ഭൗമിക വിഭവങ്ങളുടെ ഉപയോഗം, പരിസ്ഥിതയോടുള്ള ആദരം, വസ്തുക്കളുടെ നീതീപൂർവ്വകമായ വിതരണം, സാമ്പത്തിക സംവിധാനങ്ങളുടെ നിയന്ത്രണം, മാനുഷിക കുടുംബത്തിലെ ദരിദ്രരാഷ്ട്രങ്ങളോടുള്ള ഐക്യദാർഢ്യം, ലോകത്തിൽ വിശപ്പിനെതിരെയുള്ള സമരം, മാനുഷിക തൊഴിലിന്റെ മഹത്വം വളർത്തൽ, ജീവസംസ്ക്കാരത്തിനുള്ള സേവനം, ജനതകൾ തമ്മിൽ സമാധാനം സ്ഥാപിക്കൽ, മതാന്തര സംവാദം, സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടെ ശരിയായ വിനിയോഗം.

കൂടുതൽ നീതിയുക്തവും സഹോദരപരവുമായ ലോകം നിർമ്മിക്കാൻ നിങ്ങൾ പ്രത്യുത്തരിക്കേണ്ട വെല്ലുവിളികളാണവ; ത്യാഗനിർഭരവും ആവേശകരവുമായ ജീവിത പദ്ധതി ക്രോഡീകരിക്കാനുള്ള വെല്ലുവിളികൾ. ആ പദ്ധതിയിൽ ദൈവം നിങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള സമ്പന്നത നിങ്ങൾ നിക്ഷേപിക്കണം. സാഹസികമോ അസാധാരണമോ ആയ പ്രവർത്തനങ്ങളുടെ പ്രശ്നമല്ലിത്. പിന്നെയോ, കഴിവുകളും, സാധ്യതക ളും നന്നായി ഉപയോഗിച്ചുകൊണ്ട് വിശ്വാസത്തിലും സ്നേഹത്തിലും സ്ഥിരം മുന്നേറാൻ സ്ഥിരം സമർപ്പിച്ചുകൊണ്ട് പ്രവർത്തിക്കുകയെന്ന പ്രശ്നമാണ്.

ഈ വൈദികവർഷത്തിൽ വിശുദ്ധരുടെ പ്രത്യേകിച്ച് വൈദികരായ വിശുദ്ധരുടെ, ജീവിതം അറിയാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. ദൈവം അവരെ നയിച്ചുവെന്നും അവർ വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും അനുദിനം തങ്ങളുടെ മാർഗ്ഗം കണ്ടെത്തിയെന്നും നിങ്ങൾ മനസ്സിലാക്കും. നിങ്ങൾ നിങ്ങളെത്തന്നെ തനിക്കു സമർപ്പിക്കണമെന്നും സ്നേഹസംസ്ക്കാരം പടുത്തുയർത്താനുള്ള ഉത്തരവാദിത്വങ്ങൾ നിങ്ങൾ ഏറ്റെടുക്കണമെന്നും ക്രിസ്തു ആവശ്യപ്പെടുന്നു. നിങ്ങൾ അവിടത്തെ വചനം പിന്തുടർന്നാൽ നിങ്ങളുടെ വഴി പ്രകാശപൂർണ്ണമാകും. ജീവിതത്തിന് സന്തോഷവും അർത്ഥപൂർണ്ണതയും നൽകുന്ന ഉന്നത ലക്ഷ്യങ്ങളിലേക്ക് നിങ്ങളെ അത് നയിക്കും.

സഭയുടെ അമ്മയായ പരി. കന്യകാമറിയം തന്റെ സംരക്ഷണം നൽകി നിങ്ങളോടൊപ്പം സഞ്ചരിക്കട്ടെ. ഞാൻ നിങ്ങളെ എന്റെ പ്രാർത്ഥനയിൽ ഓർമ്മിക്കുമെന്ന് ഉറപ്പിച്ചു പറയുന്നു. വലിയ വാത്സല്യത്തോടെ നിങ്ങളെ ആശീർവ്വദിക്കുകയും ചെയ്യുന്നു.

വത്തിക്കാനിൽനിന്ന്, ഫെബ്രുവരി 22-2010

**ബെനഡിക്ട് 16-ാമൻ മാർപാപ്പ**

# മതബോധനം

1 **ജൂൺ 6 :** പുതിയ മതബോധന അദ്ധ്യയനവർഷം ആരംഭിക്കുന്നു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹൃദ്യമായ സ്വാഗതം.

2 **അനുമോദന യോഗവും സമ്മാന വിതരണവും :** 2009-10 അദ്ധ്യയന വർഷത്തെ വിവിധ മതബോധന പ്രവർത്തനങ്ങളുടെയും സ്കോളർഷിപ്പ് പരീക്ഷകളുടെയും അടിസ്ഥാനത്തിൽ പ്രശസ്ത വിജയം നേടിയ യൂണിറ്റുകൾക്കും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള സമ്മാനങ്ങൾ 2010 ജൂലൈ 3ന് (ശനി) ഉച്ചതിരിഞ്ഞ് 2 മണിക്ക് രൂപത മതബോധന കേന്ദ്രത്തിൽവച്ച് നൽകുന്നതാണ്. സമ്മാനാർഹരായ യൂണിറ്റുകൾക്കും, വിദ്യാർത്ഥികൾക്കും അനുമോദനങ്ങൾ. അവർക്ക് പ്രോത്സാഹനം നൽകി സഹായിച്ച യൂണിറ്റ് ഭാരവാഹികൾക്ക് നന്ദി. ഏവരെയും ഈ അനുമോദന സമ്മേളനത്തിലേക്ക് ക്ഷണിക്കുന്നു. കഴിഞ്ഞ വർഷം ഫൊറോനയിലെ ബെസ്റ്റ് യൂണിറ്റിനുള്ള ട്രോഫികൾ കരസ്ഥമാക്കിയവർ ജൂൺ 10-ന് മുൻപ് പ്രസ്തുത ട്രോഫികൾ മതബോധന കേന്ദ്രത്തിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

3 **യൂണിറ്റ് സെക്രട്ടറിമാരുടെ സമ്മേളനം :** ജൂൺ 19 ശനി രാവിലെ 10 മണിക്ക് ആരംഭിച്ച് 2 മണിക്ക് അവസാനിക്കുന്നു. എല്ലാ യൂണിറ്റുകളിലെയും സെക്രട്ടറിമാർ ആ മീറ്റിങ്ങിൽ സംബന്ധിക്കേണ്ടതാണ്. അസൗകര്യം മൂലം ആർക്കെങ്കിലും വരാൻ സാധിക്കുകയില്ലെങ്കിൽ പകരം മറ്റൊരാളെ അയയ്ക്കേണ്ടതാണ്.

4 **വർഷാരംഭ റിപ്പോർട്ട് & സ്റ്റാഫ് ലിസ്റ്റ് :** പൂർണ്ണമായി പൂരിപ്പിച്ച് ഒരു കോപ്പി ജൂൺ 15-ാം തിയ്യതിക്കു മുമ്പ് മതബോധന കേന്ദ്രത്തിൽ ഏല്പിക്കുകയും മറ്റൊരു കോപ്പി യൂണിറ്റ് ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. കോപ്പികൾ താഴ്ന്ന ക്ലാസ്സിൽനിന്ന് ആരംഭിച്ച് ഏറ്റവും ഉയർന്ന ക്ലാസ്സിൽ അവസാനിക്കുന്ന ക്രമത്തിൽ പൂരിപ്പിക്കുക.

5 **പാഠപുസ്തകങ്ങൾ :** പാഠപുസ്തകങ്ങൾ കടമായി നൽകണമെങ്കിൽ ബഹു. വികാരിയച്ചന്റെയോ, അസി. വികാരിയച്ചന്റെയോ സ്ഥാപനാധികാരിയുടെയോ എഴുത്ത് കൊണ്ടുവരേണ്ടതാണ്. കത്ത് നൽകുന്ന വ്യക്തിയുടെ പേരിലായിരിക്കും കടം കൊടുക്കുക. അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തിൽ ആഗസ്റ്റ് 15-നു മുൻപ് സംഖ്യ നൽകി കണക്ക് തീർക്കണം. അതിനുശേഷം ഇളവ് ലഭ്യമല്ല. യൂണിറ്റിലേക്ക് ആവശ്യമായ പുസ്തകം മാത്രമേ കൊണ്ടുപോകാവൂ. വാങ്ങിക്കൊണ്ടു പോയ പുസ്തകങ്ങൾ തിരിച്ചെടുക്കുന്നതല്ല.

**6 25 വർഷം പൂർത്തിയാക്കിയ മതാദ്ധ്യാപകർ**

1 Adv. Sheejo Chacko, Pudussery Kattalan House, De Paul, Potta
2 Mr. Shaji P.M., Pandippilly House, Pulinkara
3 Sr. Rexia CHF, Nazareth Convent, Pariyaram
4 Mrs. Mercy Johny, Chittilappilly House, Edathiruthy
5 Sr. Philby FCC. Presentation Convent, Vellikulangara
6 Sri. P. P. Roy, Paliakkara House, Perambra
7 Sri. Geo K. Ouseph, Karathrakaran House, Christ, IJK.
8 Sr. Elizabath Meenamkunnel SABS, Jai Rani Convent, Kanakamala
9 Sr. Annie Pullan SABS, Jai Rani Convent, Kanakamala
10 Mr. P.L. Varghese, Parokkaran House, Thumboor
11 Sr. Annies Payyappilly SJSM, St. Joseph Convent, Mettippadam
12 Mrs. Mercy, Mechery House, Mettipadam
13 Mr. K.A.Yohannan, Kanjirappallan House, Thottipal
14 Sr. Tomsy FCC, St. John Baptist Convent, Kottat.

**7 രൂപതാതല സ്കോളർഷിപ്പ് റാങ്ക് ജേതാക്കൾ**

**A) Sunday School : Std IV**

Ist Rank : Liya Agnes, Lourde's Church, Elinjipra
IInd Rank : Augustine Justin, Christ Unit, IJK.
IIIrd Rank : Aleena Antony M., St. Mary's F., Chalakudy

**Std VII**

Ist Rank : Deepa Poulose, St. Mary's Church, Nellai
IInd Rank : Joina John, St. Mary's F., Chalakudy
IIIrd Rank : Anitta Francis, Fathimamatha, Fathima Nagar

**B) Bible Quiz : Std V**

Ist Rank : Stephy Rose Pauly, Fathima Matha Church, Kottanellur
IInd Rank : Anwin Vallath, St. Joseph Church, Aloor
IIIrd Rank : Niya Maria Thankachan, St. Mary's Church, Thazhur

**Std VI**

Ist Rank : Soniya Babu, St. Sebastian Church, Thachudaparambu
IInd Rank : Hebsiba Rajan, Christ King Church, Annamanada
IIIrd Rank : Jesna V.J., L.F. Church, Potta

**Std VIII**

Ist Rank : Bismin Thomas, St. Mary's Church,Pulinkara
IInd Rank : Jasmine Bernard, St. Mary's F. Church, Chalakudy
IIIrd Rank : Sandra Joison, St. Xavier's Church, Karanchira

**Std IX**

Ist Rank : Alphy Jose, St. Mary's F., Chalakudy
IInd Rank : Angela Mary, St. Sebastian Church, Thachudaparambu
IIIrd Rank : Mary Angel Johny, OLPH Chalakudy W.

## DAILY CATECHISM & MORAL SCIENCE

1 **അവാർഡ് ദാനം :** Daily Catechism, Moral Science എന്നിവയുടെ റാങ്ക് ജേതാക്കൾക്ക് അവാർഡുകളും സ്ക്കൂളുകൾക്കുള്ള ട്രോഫികളും 2010 ജൂലൈ 2 വെള്ളി ഉച്ചയ്ക്ക് 2 മണിക്ക് വിദ്യാജ്യോതിയിൽ നടക്കുന്ന അവാർഡ്ദാന ചടങ്ങിൽവച്ച് നൽകുന്നതാണ്. സമ്മാനാർഹരായ കുട്ടികൾ അവാർഡുകൾ സ്വീകരിക്കുന്നതിന് കൃത്യസമയത്തു തന്നെ എത്തിച്ചേരുമല്ലോ.

2 **സ്ക്കൂൾ സന്മാർഗ്ഗബോധന ക്ലാസ്സുകൾ :** 2010-11 അദ്ധ്യയന വർഷത്തിലെ മത-സന്മാർഗ്ഗബോധന ക്ലാസ്സുകൽ ജൂൺ 14-ാം തിയ്യതി ആരംഭിക്കേണ്ടതാണ്. സ്ക്കൂൾ വർഷാരംഭ റിപ്പോർട്ട് ജൂലൈ 2 വെള്ളിയാഴ്ചയാണ് മതബോധന കേന്ദ്രത്തിൽ നൽകേണ്ടത്. സ്ക്കൂളിലേക്ക് ആവശ്യമായ മത-സന്മാർഗ്ഗബോധന പാഠപുസ്തകങ്ങൾ ജൂലൈ 1-ാം തിയ്യതിക്കു മുൻപ് കൊണ്ടുപോകേണ്ടതാണ്.

3 മതബോധന കേന്ദ്രത്തിൽനിന്നും യൂണിറ്റിലേക്ക് കൊണ്ടുപോയ റോളിംഗ് ട്രോഫികൾ ജൂൺ 10-ാം തിയ്യതിക്കു മുമ്പായി വിദ്യാജ്യോതിയിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

**I Daily Catechism Scholarship റാങ്ക് ജേതാക്കൾ**

**Std IV**

Ist Rank : Abijith T.S., St. Mary's L.P.S., Kuzhikattussery
IInd Rank

**Std VII**

Ist Rank : Ashmy Davis, S.H.C.G.H.S. Chalakudy
IInd Rank : Maria Sebastian, S.H.C.G.H.S. Chalakudy
IIIrd Rank : Bibina K. Thomas, S.H.C.G.H.S. Chalakudy

**Std X**

Ist Rank : Jesna Johnson, L.F.C.G.H.S. IJK.
IInd Rank : Jinta George, St. Joseph EMHS, Aloor
IIIrd Rank : Anitta P. Shajan, St. Antony's, H.S.Kottat

**II Moral Science Scholarship റാങ്ക് ജേതാക്കൾ**

**Std IV**

Ist Rank : Sreepriya K.S., St. Mary's LPS, Kuzhikattussery
IInd Rank : Megha K.R., Holy Cross CLPS, Kalparambu
IIIrd Rank : Aswathi M. D.B.G.H.S. Kodakara

**Std VII**

Ist Rank : Meera S.S., S.H.C.G.H.S. Chalakudy
IInd Rank : Saviya Saji K.Y, St. Joseph EMHS, Aloor
IIIrd Rank : Aiswarya M. D.B.G.H.S. Kodakara

**Std X**

Ist Rank : Shafana K. Shaju, L.F.C.G.H.S. IJK.
IInd Rank : Lakshmi Vasan, St. Joseph EMHS, Aloor
IIIrd Rank : Gopika P., L.F.C.G.H.S. IJK.

**Std XII**

Ist Rank : Preethi Baby, S.H.C.G.H.S. Chalakudy
IInd Rank : Pinky Baby, S.H.C.G.H.S. Chalakudy
IIIrd Rank : Agin Antony, S.H.C.G.H.S. Chalakudy

**100% വിജയം :** XII-ാം ക്ലാസ്സിൽ 100% വിജയം നേടിയ Potta L.F., Anandapuram L.F. എന്നീ യൂണിറ്റുകൾക്ക് എല്ലാവിധ ആശംസകളും നേരുന്നു. കഴിഞ്ഞ മാസത്തെ അറിയിപ്പിൽ പേര് വിട്ടുപോയത് ക്ഷമിക്കണേ.

**നന്ദി, സ്വാഗതം :** കുറ്റിക്കാട് ഫൊറോന മതബോധന ഡയറക്ടറായി സ്തുത്യർഹമായ സേവനം ചെയ്തിരുന്ന ബഹു. ഫാ. ആൻഡ്രൂസ് മാളിയേക്കൽ, അമ്പഴക്കാട് ഫൊറോന ഡയറക്ടറായിരുന്ന ബഹു. ഫാ. ജിജോ തുണ്ടത്തിൽ എന്നിവർക്ക് ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. പുതിയതായി ഫൊറോന ഡയറക്ടർമാരായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കുറ്റിക്കാട് ഫൊറോനയിലെ ബഹു. ഫാ. ഷിബു നെല്ലിശ്ശേരി, അമ്പഴക്കാട് ഫൊറോനയിലെ ബഹു. ഫാ. ജിജി കുന്നേൽ എന്നിവർക്ക് ഹൃദ്യമായ സ്വാഗതവും വിജയാശംസകളും നേരുന്നു.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

**ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ**

**Feast Days**

June 1. Rev. Fr. Justin Vazhappilly
June 13. Rev. Fr. Antu Alappadan
Rev. Fr. Anto G. Alappat
Rev. Fr. Ajith Cheriekara
Rev. Fr. Andrews Chethalan
Rev. Fr. Shaju Chirayath
Rev. Fr. Antony Chittilappilly
Rev. Fr. Anto Chungath
Rev. Fr. Antony Irimpan
Rev. Fr. Lijo Kalaparambath
Rev. Fr. Renil Karathra
Rev. Fr. Anto Karippai
Rev. Fr. Benny Karumalickal
Rev. Fr. Jinoj Kolenchery
Rev. Fr. Jojo Kuttikadan
Rev. Fr. Antony Manjaly
Rev. Fr. Johny Menachery
Rev. Fr. Antony Mukkattu
Rev. FR. Binoy Thomas Nereparambil
Rev. Fr. Anto Panadan
Rev. Fr. Antony Parambath
Rev. Fr. Anto Parassery
Rev. Fr. Anto Parekkadan
Rev. Fr. Pellissery Aneesh
Rev. Fr. Binoy Pozholiparambil
Rev. Fr. Antony Pudussery
Rev. Fr. Antony Pullokaran
Rv. Fr. Anto Thachil
Rev. Fr. Joy Tharackal
Rev. Fr. Kiran Thatla
Rev. Fr. Antony Thekkineth
Rev. Fr. Jojo Thoduparambil
Rev. Fr. Roby Valappila
Rev. Fr. Antony Vellaniparambil
June 24 Rev. Fr. John Paul Iyyanam
Rev. Fr. Johnson Manadan
June 29. Rev. Fr. Paul A. Ambooken
Rev. Fr. Paul C. Ambooken
Rev. Fr. Nevin Attokaran
Rev. Fr. Jijo Chakkiath
Rev. Fr. Paul Cheruvathur
Rev. Fr. Paul Chirayath
Rev. Fr. Jaju Elamkunnapuzha
Rev. Fr. Paul Elamkunnapuzha
Rev. Fr. Seejo Irimpan
Rev. Fr. Shaju Kachappilly
Rev. Fr. Plogen Kannampuzha
Rev. Fr. Pauly Kannukadan (Jr.)
Rev. Fr. Rinto Kodiyan
Rev. Fr. Siju Komban
Rev. Fr. Paul Mangalan
Rev. Fr. Manoj Mekkadath
Rev. Fr. Pauly Padayatty
Rev. Fr. Robin Palatty
Rev. Fr. Paul Payyappilly
Rev. Fr. Pauly Pudussery
Rev. Fr. Jomy Thottiyan

**Birth Days**

June 03. Rev. Fr. Jose Pulluparambil
05. Rev. Fr. Joy Menoth
06. Rev. Fr. Pius Cherapanath
06. Rev. Fr. George Malieckal
06.Rev. Fr. Joseph Thekkethala
09. Rev. Fr. Anto Panadan
10. Rev. Fr. Raphael Ambadan
11. Rev. Fr. Francis Chirayath
12. Rev. Fr. Kins Elamkunnapuzha
13. Rev. Fr. Pauly Kannukadan (Jr.)
14. Rev. Fr. Kiran Thatla
15 Rev. Fr. Aneesh Pellissery
19. Rev. Fr. Sunny Kalampanathadathil
20. Rev. Fr. Jolly Vadakkan
22. Rev. Fr. Thomas Panjikaran
25. Rev. Fr. Thomas Nattekadan
27. Rev. Fr. Saji Ponminissery
29.Rev. Fr. Varghese Konthuruthy
30. Rev. Fr. Paul Cheruvathur
31. Sabu Payyappilly

**ഏവർക്കും ഹൃദ്യമായ മംഗളാശംസകൾ!**

## ജൂൺ 13- ഉപവാസ പ്രാർത്ഥനാദിനം

പതിവുപോലെ ഈ വർഷവും തിരുഹൃദയത്തിരുന്നാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച ജൂൺ 13-ാം തിയ്യതി രൂപതാ സ്പിരിചാലിറ്റി സെന്ററിൽ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളെയും കുടുംബങ്ങളെയും സ്ഥാപനങ്ങളെയും പ്രസ്ഥാനങ്ങളെയും സംഘടനകളെയും ഈശോയുടെ തിരുഹൃദയത്തിന് പ്രത്യേകമായി പ്രതിഷ്ഠിച്ച് പ്രാർത്ഥിക്കുന്നു. അന്നേദിവസം ഉപവാസ പ്രാർത്ഥനാദിനമായി ആചരിക്കുന്നു. എല്ലാവരുടെയും ആത്മാർത്ഥമായ സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.

### പ്രോഗ്രാം

രാവിലെ 6.30ന് : ദിവ്യബലി, സന്ദേശം (മാർ ജെയിംസ് പഴയാറ്റിൽ)
രാവിലെ 7.45: പരിശുദ്ധ കുർബാനയുടെ പരസ്യമായ ആരാധന
ഉച്ചയ്ക്ക് 3ന് : ആഘോഷമായ ദിവ്യബലി, സന്ദേശം
(മാർ പോളി കണ്ണൂക്കാടൻ)
വൈകീട്ട് 4.30ന് : തിരുഹൃദയ പ്രതിഷ്ഠ

ഫൊറോനകൾക്ക് ആരാധനയ്ക്ക് നിശ്ചയിച്ചിട്ടുള്ള സമയക്രമീകരണം

രാവിലെ 8-9 : കൽപ്പറമ്പ്, എടത്തിരുത്തി
" 9-10 : കൊടകര, പറപ്പൂക്കര
" 10-11 : ചാലക്കുടി
" 11-12 : മാള
" 12-1 : അമ്പഴക്കാട്, പുത്തൻചിറ
" 1-2 : കുറ്റിക്കാട്
" 2-3 : ഇരിങ്ങാലക്കുട

**മോൺ. വിൻസെന്റ് ആലപ്പാട്ട്**
വികാരി ജനറാൾ



## സ്മരണാഞ്ജലി

റവ. ഫാ. പോൾ ചാലിശ്ശേരി 21-06-1982
റവ. ഫാ. ജോസ് അക്കരക്കാരൻ 21-06-1989
റവ. ഫാ. ജേക്കബ്ബ് പറനിലം 01-06-1991
റവ. ഫാ. ജേക്കബ്ബ് മാഞ്ഞൂരാൻ24-06-1999
റവ. ഫാ. ജോസ് എ. വാഴപ്പിള്ളി 04-06-2000
റവ. ഫാ. ജോർജ്ജ് ചിറപ്പണത്ത് 08-06-2003

# സെന്റ് പോൾസ് മൈനർ സെമിനാരി

1 മെയ് 8-ന് ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.30ന് സെമിനാരി ചാപ്പലിൽ നടന്ന തിരുക്കർമ്മത്തിൽ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് 7 ബ്രദേഴ്സിന് വൈദികവസ്ത്രം നൽകി.

2 മെയ് 11, 12 തിയ്യതികളിലായി മേജർ സെമിനാരിക്കാരുടെ അവധിക്കാല സംഗമം നടന്നു. ഈ സംഗമത്തിൽ നവവൈദികരെ അനുമോദിച്ചു.

3 മേജർ സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ 70 ഇടവകകളിൽ ഇന്റൻസീവ് ക്യാറ്റകിസം നടത്തി.

4 മൈനർ സെമിനാരിക്കാർ അവധി കഴിഞ്ഞ് മെയ് 20ന് തിരിച്ചെത്തി. പുതിയ അദ്ധ്യയനവർഷം ആരംഭിച്ചു.

5 മെയ് 20-ന് അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് ഈ വർഷം സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്നവരെ ഇന്റർവ്യൂ ചെയ്ത് 17 പേരെ ഇരിങ്ങാലക്കുട രൂപതയ്ക്കായി തിരഞ്ഞെടുത്തു.

6 ഈ വർഷം മേജർ സെമിനാരിയിൽ പോകുന്നവർ :

| തത്വശാസ്ത്രം | ദൈവശാസ്ത്രം |
|---|---|
| **ആലുവ** | |
| 1. സാംസൺ എലുവത്തിങ്കൽ | 1. ജോഫിൻ കാപ്പിൽ |
| 2 അഖിൽ ഇരിമ്പൻ | 2 സെബി കൂട്ടാലപ്പറമ്പിൽ |
| 3 ഫെമിൻ ചിറ്റിലപ്പിള്ളി | |
| 4 തരുൺ ചെറുകാട്ടുപറമ്പിൽ | |
| 5 മേജറ്റ് നായത്തോടൻ | |
| **കോട്ടയം** | |
| 1 ഫെബിൻ കൊടിയൻ | 1. ലിന്റോ പനങ്കുളം |
| 2 ചാൾസ് ചിറ്റാട്ടുകരക്കാരൻ | 2 മെഫിൻ തെക്കേക്കര |
| 3 ആഷിൽ കൈതാരൻ | |
| 4 ഡോഫിൻ കാട്ടുപറമ്പിൽ | |
| 5 ഡാനിയേൽ വാരമുത്ത് | |
| **തൃശ്ശൂർ** | |
| 1. നവീൻ കുഴിയാനി | 1 ബിനോജ് തെക്കേക്കര |
| 2 ഡിന്റോ തെക്കിനിയത്ത് | |
| 3 പയസ് കൂനൻ | |

**പൂനമല്ലി**

1 എബിൻ പയ്യപ്പിള്ളി

**പൂന**

1 നൗജിൻ വിതയത്തിൽ

7 ഈ വർഷം സെമിനാരിയിൽ ചേരുന്നവരുടെ പ്രവേശനം ജൂൺ 11 വെള്ളിയാഴ്ച നടക്കും.

8 ജൂൺ 29ന് സെമിനാരിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വിശുദ്ധ പൗലോസ് ശ്ലീഹായുടെ തിരുന്നാൾ ആഘോഷിക്കുന്നു.

## Seminarians Selected for the Diocese

| | | |
|---|---|---|
| 1. | Pious Edassery Panthalookkaran | Pariyaram |
| 2 | Jophin Pallipatt | Vemballur |
| 3 | Wilson Kanjirathingal | Edathiruthy F. |
| 4 | Abin Kodiyan | S. Thanissery |
| 5 | Alex Eluvathingal | Vellani |
| 6 | Reji Arickatt | Aloor |
| 7 | Geo Panamkoodan | Thazhekad |
| 8 | Nibu Mundakkal | Pariyaram |
| 9 | Abin Pynadath | Puthenchira F. |
| 10 | Jeevan Thozhuthungal | Kuzhikkattukonam |
| 11 | Jerin Theethai | Thuruthiparambu |
| 12 | Aneesh Chengalukaran | Mapranam |
| 13 | Anoop Chakkalakal | S. Thanissery |
| 14 | Anson Chakkalamattath | Pazhookkara |
| 15 | Jerlit Kakkanadan | Kuzhur |
| 16 | Paul Kandamkulathy | Kuzhur |
| 17 | Sagar Mozhiparambil | Perambra |

**9 സാമ്പത്തിക സഹായം നൽകിയവർ (തുടർച്ച)**

1. Mr. Benny Devassykutty, Kannamkunny, Irinjalakuda
2 Mr. Thomas Kochuvareed, Cheriyath, Irinjalakuda
3 Mrs. Rosy Thomas, Cheriyath, Irinjalakuda
4 Mrs. Rosy Thomankutty, Kannukadan
5 Mr. Johny Kochuvareed, Kannukadan

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
റെക്ടർ

# ചെന്നൈ മിഷൻ വാർത്തകൾ

1. **വെഞ്ചിരിപ്പ് :** സാന്തോം സ്നേഹതീരത്തിൽ ചാപ്പലിന്റെ വെഞ്ചിരിപ്പ് മെയ് 2 ഞായറാഴ്ച രാവിലെ 9.30ന് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ സാന്നിദ്ധ്യത്തിൽ അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. അഭിവന്ദ്യ പിതാക്കന്മാരെയും വിശിഷ്ട അതിഥികളെയും ഡയറക്ടർ റവ. ഡോ. വർഗ്ഗീസ് പെരേപ്പാടൻ സ്വീകരിച്ചു.

2 **Reception & Farewell :** ഇരിങ്ങാലക്കുട രൂപതയുടെ ദ്വിതീയ മെത്രാനും ചെന്നൈ സീറോമലബാർ മിഷന്റെ ബിഷപ്പ് ഇൻ ചാർജ്ജുമായ മാർ പോളി കണ്ണൂക്കാടൻ പിതാവിന് ചെന്നൈ സീറോമലബാർ മിഷനിലെ വൈദികരും സന്യസ്തരും വിശ്വാസികളും ചേർന്ന് മെയ് 2 ഞായറാഴ്ച അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്റർ അങ്കണത്തിൽ സ്വീകരണം നൽകി. തദവസരത്തിൽ കഴിഞ്ഞ 27 വർഷം ചെന്നൈ സീറോമലബാർ മിഷന്റെ വളർച്ചയ്ക്കുവേണ്ടി ത്യാഗപൂർവ്വം ശുശ്രൂഷയ ർപ്പിച്ച പ്രിയപ്പെട്ട അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന് സ്നേ ഹോഷ്മളമായ യാത്രയയപ്പ് നൽകി. 2.45 pm.ന് അഭിവന്ദ്യ പിതാക്കന്മാരെ സ്വീകരിച്ചു. 3.15 pm.ന് മിഷനിലെ എല്ലാ വൈദികരും പങ്കെടുത്ത സമൂഹ ബലിയിൽ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് മുഖ്യ കാർമ്മികത്വം നിർവ്വ ഹിച്ചു. മിഷന്റെ പ്രഥമ ചാപ്ലിനായിരുന്ന ഫാ. ജോസ് പാലാട്ടി വചന സന്ദേശം നൽകി. 5 മണിക്കാരംഭിച്ച ആശംസാസമ്മേളനത്തിൽ മദ്രാസ് - മൈലാപ്പൂർ അതിരൂപതാ സഹായ മെത്രാൻ റൈറ്റ്. റവ. ഡോ. ലോറൻസ് പയസ് ദുരൈരാജ് മുഖ്യാതിഥിയായി പങ്കെടുത്തു. അഭിവന്ദ്യ ജെയിംസ് പിതാവും പോളി പിതാവും മറുപടി പ്രസംഗം നടത്തി. റവ. ഡോ. വർഗ്ഗീസ് പെരേപ്പാടൻ, റവ. സി. ജോഷ്വ CHF, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജേക്കബ് ചക്കാത്ര, മാതൃജ്യോതിസ്സ് പ്രതിനിധി ശ്രീമതി. റൂബി പിന്റോ എന്നിവർ ആശംസകളർപ്പിച്ചു. ഒക്ടോബർ 3ന് തിരുപ്പട്ട സ്വീകര ണത്തിന്റെ ഗോൾഡൻ ജൂബിലിയിലേക്ക് പ്രവേശിക്കുന്ന അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിനും രജത ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിനും കോ-ഓർഡിനേറ്റർ റവ. ഫാ. ജോസ് മാളിയേക്കലിനും ജൂബിലി ആശംസകൾ നേർന്നു. ജനറൽ കൺവീനർ റവ. ഫാ. സജി പൊന്മിനിശ്ശേരി ഏവർക്കും നന്ദി പറഞ്ഞു.

3 **തിരുന്നാളുകൾ :** ഗൗരിവാക്കം സെന്റ് ആന്റണീസ് ഇടവകയിൽ ജൂൺ 13- ന് വി. അന്തോണീസിന്റെ തിരുന്നാളും എരണാവൂർ സെന്റ് ജോർജ്ജ് ഇടവകയിൽ ജൂൺ 20-ന് വി. ഗീവർഗ്ഗീസ് സഹദായുടെ തിരുന്നാളും ആഘോഷിക്കുന്നു.

**ഫാ. ജോസ് മാളിയേക്കൽ**
കോ-ഓർഡിനേറ്റർ

# സോഷ്യൽ ആക്ഷൻ

1 മെയ് 18 രാവിലെ 10.30ന് കഴിമ്പ്രം കടപ്പുറത്തുവച്ച് സമഗ്ര തീരദേശ പദ്ധതിയുടെ ഭാഗമായി 25 മത്സ്യബന്ധന തൊഴിലാളികൾ പങ്കെടുക്കുന്ന പദ്ധതിയെക്കുറിച്ചുള്ള Village Orientation Programme -ന് കോ-ഓർഡിനേറ്റർ പ്രിയ ആന്റണി നേതൃത്വം നൽകി.

2 മെയ് 25നും 28നും രാവിലെ 10ന് സോഷ്യൽ ആക്ഷൻ ഫോറം ഓഡിറ്റോറിയത്തിൽവച്ച് 120 അംഗങ്ങൾ അടങ്ങുന്ന 8 ഫാം ക്ലബ്ബുകളുടെ ഉദ്ഘാടനം നബാർഡ് അസി. ജനറൽ മാനേജർ (DD) ശ്രീമതി. പി. ടി. ഉഷ നിർവ്വഹിക്കുന്നു.

3 മെയ് 27 രാവിലെ 10ന് സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ എക്സി. കമ്മിറ്റി യോഗവും വാർഷിക പൊതുയോഗവും നടത്തപ്പെടുന്നു. ചെയർമാൻ Rt. Rev. Dr. പോളി കണ്ണൂക്കാടൻ ഉദ്ഘാടനം നിർവ്വഹിക്കുന്നു. പ്രസിഡണ്ട് Mgr. Dr. വിൻസന്റ് ആലപ്പാട്ട് അദ്ധ്യക്ഷത വഹിക്കുന്നു. 2009-10 വർഷത്തെ പ്രവർത്തന റിപ്പോർട്ടും, ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളും 2010-11 വർഷത്തെ ബഡ്ജറ്റും അവതരിപ്പിക്കുന്നു.

**ഫാ. ജോസ് പാലാട്ടി**
ഡയറക്ടർ

---

## രൂപത 11-ാം പാസ്റ്ററൽ കൗൺസിൽ

**8-ാം സമ്മേളനം, 12-6-2010**

പാസ്റ്ററൽ കൗൺസിലിന്റെ 8-ാം സമ്മേളനം **2010 ജൂൺ 12-ാം തിയ്യതി ശനിയാഴ്ച**യാണ്. രൂപതയുടെ ദ്വിതീയ മെത്രാനായി മാർ പോളി കണ്ണൂക്കാടൻ സ്ഥാനമേറ്റതിനുശേഷമുള്ള ആദ്യത്തെ പാസ്റ്ററൽ കൗൺസിൽ സമ്മേളനമാണിത്. അഭിവന്ദ്യ പിതാവ് രൂപത പ്രവർത്തനങ്ങളെക്കുറിച്ച് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുമായി ഈ സമ്മേളത്തിൽ സംവദിക്കുന്നു. തൃതീയ സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ളിയുടെ മാർഗ്ഗരേഖ (Lineamenta) യെക്കുറിച്ച് ഈ സമ്മേളനത്തിൽ ഒരു പാനൽ ചർച്ച ഉണ്ടായിരിക്കുന്നതാണ്. രൂപതാഭവന ത്തിൽ രാവിലെ 10 മണിക്ക് ആരംഭിക്കുന്ന പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും കൃത്യസമയത്ത് എത്തിച്ചേർന്ന് മുഴുവൻ സമയവും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മോൺ. വിൻസെന്റ് ആലപ്പാട്ട്**
വൈസ് പ്രസിഡണ്ട്

**ഫാ. ആന്റോ ചുങ്കത്ത്**
ജനറൽ സെക്രട്ടറി

# സംഘടനാവാർത്തകൾ

## നവചൈതന്യ

ജൂൺ 6 ആദ്യഞായർ കൂട്ടായ്മ, ഫോളോ അപ് സെമിനാർ,
” 9 പ്രാർത്ഥനാദിനം, സ്റ്റാഫ് മീറ്റിംഗ്
” 12-19 ലഹരി വിമോചന പരിശീലന ക്യാമ്പ്
” 14 ജാഗരണ പ്രാർത്ഥന
” 16 N.A.R.F. മീറ്റിംഗ്
” 19 A.A. ലീഡേഴ്സ് + ആനിമേറ്റേഴ്സ് മീറ്റിംഗ്
” 23-25 ഫീൽഡ് വിസിറ്റ്
” 25 ഔട്ട് റീച്ച് പ്രോഗ്രാം
” 26 റിസോഴ്സ് ട്രെയിനിങ്ങ്, ഫാദേഴ്സ് ഡേ
അന്താരാഷ്ട്ര ലഹരിവിരുദ്ധദിനാഘോഷങ്ങൾ

**ഫാ. ബെന്നി കരുമാലിക്കൽ**
ഡയറക്ടർ

## B.L.M.

1. **ആന്തരികസൗഖ്യ വചന അനുഭവ ധ്യാനം**
   ജൂൺ 6 ഞായർ 5 p.m മുതൽ ജൂൺ 10 വ്യാഴംവരെ.
2. **സ്നേഹ പ്രകാശം ടീം ആന്തരികസൗഖ്യ പരിശുദ്ധാത്മാഭിഷേക ധ്യാനം**
   ജൂൺ 10 വ്യാഴം 5 p.m മുതൽ ജൂൺ 13 ഞായർ വരെ.
3. **ആന്തരികസൗഖ്യ ധ്യാനം**
   ജൂൺ 13 ഞായർ 5 p.m.മുതൽ ജൂൺ 17 വ്യാഴം വരെ.
4 **ആബ്ബാ അനുഭവ ആന്തരിക സൗഖ്യ ധ്യാനം**
   ജൂൺ 20 ഞായർ 5 p.m. മുതൽ ജൂൺ 24 വ്യാഴം വരെ.
5. **സ്നേഹ പ്രകാശം ടീം ആന്തരികസൗഖ്യ പരിശുദ്ധാത്മാഭിഷേക ധ്യാനം**
   ജൂൺ 24 വ്യാഴം 5 p.m.മുതൽ ജൂൺ 27 ഞായർ വരെ.
6. **ആന്തരികസൗഖ്യ ധ്യാനം**
   ജൂൺ 27 ഞായർ 5 p.m.മുതൽ ജൂലായ് 1 വ്യാഴം വരെ.

**ഫാ. ആന്റോ ചുങ്കത്ത്**

# ബൈബിൾ അപ്പസ്തോലെറ്റ്

**ലോഗോസ് ക്വിസ് 2010**

യേശുവിനെ ആഴത്തിൽ അറിയുക, വി. ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തു പരീക്ഷയാണ് ലോഗോസ് ക്വിസ് 2010.

**ലോഗോസ് ക്വിസ് 2010-ന്റെ സവിശേഷതകൾ**

മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E എന്നീ അഞ്ച് പ്രായ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിൽ ആയിരിക്കും.

A : 01-01-1999ന് ശേഷം ജനിച്ചവർ

B : 01-01-1994നും 31-12-1998നും ഇടയ്ക്ക് ജനിച്ചവർ

C : 01-01-1979നും 31-12-1994നും ഇടയ്ക്ക് ജനിച്ചവർ

D : 01-01-1959നും 31-12-1978നും ഇടയ്ക്ക് ജനിച്ചവർ

E : 31-12-1958ന് മുമ്പ് ജനിച്ചവർ

രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. രജി. ഫീസ് 10 രൂപ. രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2010 ജൂൺ 1-നും അവസാനിക്കുന്നത് ജൂലൈ 31-നും ആയിരിക്കും. മത്സരത്തിനുള്ള പാഠഭാഗങ്ങൾ (1) പുറപ്പാട് 1-15, (2) വി. മത്തായി 1-14, (3) വി. യാക്കോബ് എഴുതിയ ലേഖനം. പഠനത്തിനായി ഉപയോഗിക്കേണ്ടത് പി.ഒ.സി. ബൈബിളും. ഇംഗ്ലീഷിന് R.S.V. ബൈബിളുമാണ്. പരീക്ഷാസമയം രൂപതാ തലത്തിൽ 2010 സെപ്തംബർ 26-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെയാണ്. രൂപതാതല വിജയികൾക്കായുള്ള (3X5=15) സംസ്ഥാനതല മത്സരം പി.ഒ.സി.യിൽവച്ച് 2010 നവംബർ 28-ന് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4 വരെ ആയിരിക്കും.

രൂപതയിലെ എല്ലാ വൈദികരും ഇടവകാംഗങ്ങളും സ്ഥാപനങ്ങളും ഇതിൽ സഹകരിക്കുമല്ലോ.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**

# അവാർഡ്

1 നെടുപുഴ വനിത ഗവൺമെന്റ് പോളിടെക്നിക്കിന്റെ സാങ്കേതിക സഹായത്തോടെ AVARD-ൽ 3 മാസത്തെ സാരി ഡിസൈനിംഗ്/ ഫാബ്രിക്കേറ്റിങ്ങ് കോഴ്സുകൾ നടത്തപ്പെടുന്നു.

**II Family Development**

1 വിവിധ മാനസിക-കുടുംബ പ്രശ്നങ്ങളുമായി വരുന്നവർക്ക് വിദഗ്ധരായ കൗൺസലർമാരുടെ സേവനം ലഭ്യമാക്കുന്നു.

2 **സ്കോളർഷിപ്പ് വിതരണം :** ചാലക്കുടി നഗരസഭ ഹാളിൽവച്ച് SARGA അംഗങ്ങൾക്കും നഗരസഭയിലെ വിദ്യാർത്ഥികൾക്കുമായി 28-ാം തിയ്യതി സ്കോളർഷിപ്പ് വിതരണം നടത്തപ്പെടുന്നു.

3 ബോധവൽക്കരണ ക്ലാസ്സ് : 11-ാം തിയ്യതി മേലൂർ വച്ചും, 18-ാം തിയ്യതി മൂന്നുമുറിയിൽവച്ചും, 25-ാം തിയ്യതി ചെമ്പൂച്ചിറയിൽവച്ചും, സ്ക്കൂൾ പി.ടി.എ. ക്കും അദ്ധ്യാപക-രക്ഷാകർത്തൃ സമിതികൾക്കുമായി ക്ലാസ്സുകൾ നടത്തപ്പെടുന്നു.

4 പരിസ്ഥിതി ദിന സെമിനാർ : കൊടകരയിൽവച്ച് നടത്തപ്പെടുന്നു.

5 29-ാം തിയ്യതി അവാർഡിൽവച്ച് ശാരീരിക വൈകല്യമുള്ള കുട്ടികൾക്കും അവരുടെ സഹോദരങ്ങൾക്കുമായി സെമിനാർ നടത്താനും സ്കോളർഷിപ്പ് വിതരണം ചെയ്യാനുമായി SARGA Siblings നടത്തുന്നു.

**III Community Based Organization Programme**

ദേശം വികസന സംഘടനകളുടെ പൊതുയോഗവും കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണവും, ബെസ്റ്റ് ഉപസംഘടനകൾക്കുള്ള സമ്മാനവും, വിദ്യാഭ്യാസ പഠനോപകരണങ്ങളുടെ വിതരണവും നടത്തപ്പെടുന്നു.

**IV Tribal Development Programme**

1 ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ മലക്കപ്പാറ കോളനിയിൽവച്ച് ബഹു. റവന്യൂ മന്ത്രി കെ. പി. രാജേന്ദ്രൻ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും യൂണിഫോമുകളും വിതരണം ചെയ്യുന്നു.

2 അടിച്ചിലി തൊട്ടി കോളനിയിലെ കുടുംബസംഗമവും വയോധിക മൂപ്പരെ ആദരിക്കലും ആട് വിതരണവും വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളുടെ വിതരണവും 22-ാം തിയ്യതി ബഹു. ജില്ലാ കളക്ടർ നിർവ്വഹിക്കുന്നു.

**ഫാ. ലിജുപോൾ പറമ്പത്ത്**
എക്സി. ഡയറക്ടർ

# സാൻജോസദൻ

**ഇന്നലെകൾ :-** ഏപ്രിൽ മാസത്തിൽ 35 പേർ ചികിത്സ സ്വീകരിച്ച് ലഹരി വിമുക്ത ജീവിതം നയിക്കുന്നു.

ഏപ്രിൽ 11 ഞായർ രാവിലെ 9.30 മുതൽ ഉച്ചക്ക് 2 വരെ നടന്ന A.A. മീറ്റിംഗിൽ 30 പേരും, Al- Anon മീറ്റിംഗിൽ 31 പേരും പങ്കെടുത്തു. റവ. ഫാ. പോളി കണ്ണൂക്കാടൻ, ഡയറക്ടർ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. അതിനുശേഷം ജേക്കബ് മാസ്റ്ററുടെ ക്ലാസ്സുണ്ടായിരുന്നു. സ്നേഹവിരുന്നിനുശേഷം എല്ലാവരും പിരിഞ്ഞു.

**ധ്യാനം, ഉല്ലാസയാത്ര :** മാർച്ച് 29, 30, 31 തിയ്യതികളിൽ സ്റ്റാഫിനായി ധ്യാനം നടത്തി. ഈസ്റ്ററിനുശേഷം 5-ാം തിയ്യതി ഊട്ടിയിലേക്കു പിക്നിക് പോയി. നവചൈതന്യ, സാൻജോസദൻ എന്നിവിടങ്ങളിലെ സ്റ്റാഫ് ഒത്തൊരുമിച്ച് ആഘോഷമായ ഭക്ഷണത്തോടുകൂടി ഉല്ലാസയാത്ര നടത്തി. അങ്ങനെ ആത്മികമായും, ശാരീരികമായും, മാനസികമായും ഉണർവ്വ് വീണ്ടെടുക്കാൻ കഴിഞ്ഞു.

**നാളെകൾ :** A.A. മീറ്റിംഗും, Al- Anon മീറ്റിംഗും 20. 06. 2010 ഞായർ 9.30 am.- 2 pm.വരെ സാൻജോസദനിൽ.

**ഫാ. പോളി കണ്ണൂക്കാടൻ (Jr.)**
ഡയറക്ടർ

# അൾത്താരസംഘം

മെയ് 6-ന് വ്യാഴാഴ്ച രാവിലെ 9 മുതൽ വൈകീട്ട് 4 വരെ ഇരിങ്ങാലക്കുട കത്തീഡ്രൽ പാരിഷ് ഹാളിൽവച്ച് സാവിയോ ഫെസ്റ്റ് നടത്തുകയുണ്ടായി. അഭിവന്ദ്യ പിതാക്കന്മാരായ മാർ ജെയിംസ് പഴയാറ്റിൽ, മാർ പോളി കണ്ണൂക്കാടൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. 130 ഇടവകകളിൽനിന്നായി 500 അൾത്താര ബാലന്മാർ സാവിയോ ഫെസ്റ്റിൽ പങ്കെടുത്തു. സാവിയോ ഫ്രണ്ട് കൂപ്പൺ നറുക്കെടുപ്പ് നടത്തി. സമ്മാനാർഹമായ നമ്പറുകൾ

| | | |
|---|---|---|
| Ist Prize | : | 2552 |
| IInd | : | 6376 |
| IIIrd | : | 6392 |

**ഫാ. റിജോയ് പഴയാറ്റിൽ**
ഡയറക്ടർ

# സ്പിരിച്ചാലിറ്റി സെന്റർ

1. **ഏകസ്ഥരുടെ കൂട്ടായ്മ :** 1-ാം തിയ്യതി ചൊവ്വ രാവിലെ 10 മണി മുതൽ 1 മണി വരെ
2. **മക്കളില്ലാത്ത ദമ്പതികളുടെ കൂട്ടായ്മ :** 6-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണി മുതൽ 12 മണി വരെ
3. **വിധവകളുടെ കൂട്ടായ്മ :** 7-ാം തിയ്യതി തിങ്കൾ രാവിലെ 10 മുതൽ 4 വരെ.
4. **ജെറീക്കോ പ്രാർത്ഥന :** 12-ാം തിയ്യതി രണ്ടാം ശനിയാഴ്ച വൈകീട്ട് 7 മുതൽ 10 വരെ
5. **ഉപവാസ പ്രാർത്ഥന :** 13-ാം തിയ്യതി ഞായറാഴ്ച രൂപതാ ഉപവാസ പ്രാർത്ഥനാദിനം
6. **സിസ്റ്റേഴ്സിന്റെ മാസധ്യാനം :** 19 -ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ.
7. **പ്രേഷിതരുടെ കൂട്ടായ്മ :** 24-ാം തിയ്യതി വ്യാഴാഴ്ച 2.30 ന്
8. **അഖണ്ഡജപമാല :** 27-ാം തിയ്യതി ഞായർ രാവിലെ 10 മുതൽ 5 മണി വരെ.
9. **രോഗികളുടെയും വൃദ്ധരുടെയും സൗഹൃദസംഗമം :** എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 10 മുതൽ 4 മണി വരെ
10. **വചനപ്രഘോഷണവും ആന്തരികസൗഖ്യ ആരാധനയും :** എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ 3 മണി വരെ

**ഫാ. ജോയ് തറയ്ക്കൽ**
വൈസ് റെക്ടർ

---

വികാരിമാരുടെ ശ്രദ്ധയ്ക്ക്,

ഇടവകയിൽ നിന്നുള്ള ദീപിക വിഹിതവും, 2010 ഏപ്രിൽ 18-ലേയ്ക്കുള്ള ഇടവകവിഹിതവും ഇനിയും രൂപതാഭവനത്തിൽ ഏല്പിക്കാനുള്ളവർ 2010 ജൂലൈ 1-ന് മുമ്പ് ഏല്പിക്കണമെന്ന് അറിയിക്കുന്നു. ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ വൈകിയിരിക്കുന്നതു കൊണ്ടാണ് ഇങ്ങനെയൊരു സമയപരിധി വയ്ക്കുന്നത്. സഹകരിക്കുമല്ലോ.

**ഫാ. ജോബി പൊഴോലിപറമ്പിൽ**
ഫൈനാൻസ് ഓഫീസർ.

# കെ.സി.വൈ.എം.

**1. ഹരിതോത്സവ് – 2010, ജൂൺ 5 – ജൂലായ് 5**

രൂപത K.C.Y.M -ന്റെ ആഭിമുഖ്യത്തിൽ രൂപത മുഴുവനായും ''ഹരിതോത്സവ് - 2010'' എന്ന പേരിൽ ഒരു മാസം നീണ്ടുനിൽക്കുന്ന പരിസ്ഥിതി സംരക്ഷണ യജ്ഞം ആരംഭിക്കുന്നു. രൂപതയിലെ എല്ലാ ഭവനങ്ങളിലേക്കും സ്ഥാപനങ്ങളിലേക്കുമായി 50,000 വൃക്ഷതൈകൾ വിതരണം ചെയ്യുന്നു. 3 മേഖലകളിലായി സെമിനാറുകൾ, സമ്മേളനങ്ങൾ, ബോധവൽക്കരണം എന്നിവ നടത്തുന്നു.

**2 ജൂൺ 8 – വാ. മറിയം ത്രേസ്യ ദിനാചരണം**

കുടുംബങ്ങളുടെ പ്രേഷിതയായ വാ. മറിയംത്രേസ്യ ദിനാചരണം ജൂൺ 7-ാം തിയ്യതി ഞായറാഴ്ച നടത്തുന്നു. യൂണിറ്റുകളിൽ കുർബാനയ്ക്കുശേഷം ഛായാചിത്രത്തിനു മുമ്പിൽ പുഷ്പാർച്ചന നടത്തുവാൻ യുവജനങ്ങൾ ശ്രദ്ധിക്കുമല്ലോ.

**3 ജൂൺ 14 : ലോക രക്തദാന ദിനാചരണം**

"രക്തദാനം - ജീവദാനം" എന്ന ആപ്തവാക്യം ഹൃദയത്തിലേന്തി ജീവന്റെ സംരക്ഷണത്തിനായി ഏവരും യത്നിക്കുക. രക്തദാന പരിപാടികളിലേക്കു ഏവരെയും സ്വാഗതം ചെയ്യുന്നു.

**4 ജൂൺ 22 : വി. തോമസ് മൂർ ദിനാചരണം**

K.C.Y.M യുവജന പ്രസ്ഥാനത്തിന്റെ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ തിരുനാൾ സമുചിതം ആഘോഷിക്കുന്നു. അന്നേദിവസം എല്ലാ യൂണിറ്റുകളിലും വിശുദ്ധന്റെ ചിത്രം അലങ്കരിച്ചുവെച്ച് പ്രാർത്ഥനകളും പുഷ്പാർച്ചനയും നടത്തുമല്ലോ. ഫോട്ടോ ആവശ്യമുണ്ടെങ്കിൽ രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

**5 ജൂൺ 27 : അവശരോടൊത്ത്**

അഭിവന്ദ്യ പിതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് ഒരു ദിവസം അഭിവന്ദ്യ പിതാവും യുവജനങ്ങളും അവശരോടൊത്ത് പങ്കു വയ്ക്കുന്നു.

**ഫാ. വിൽസൻ എലുവത്തിങ്കൽ കൂനൻ**
ഡയറക്ടർ

# ഫാമിലി അപ്പസ്തോലെറ്റ്

1 **കുടുംബസമ്മേളനം :** ഇടവകതല ഭാരവാഹികളുടെ ഇലക്ഷൻ മെയ്- ജൂൺ മാസങ്ങളിൽ നടത്തുന്നതിനാണ് തീരുമാനിച്ചത്. പുതിയ ഭാരവാഹികളുടെ ജനറൽബോഡി ഇലക്ഷൻ ജൂലായ് 4 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാക്സിൽ കൂടുന്നു.

2 **ആനിമേറ്റേഴ്സ് :** രൂപത ഫാമിലി അപ്പസ്തോലെറ്റ് ആനിമേറ്റേഴ്സിന്റെ മീറ്റിങ്ങ് ജൂലായ് 11 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാക്സിൽ നടത്തുന്നു.

3 **പ്രോലൈഫ് :** രൂപത എക്സിക്യൂട്ടീവ് യോഗം 3-ാം ഞായറാഴ്ചയായ ജൂൺ 20-ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് പാക്സിൽ കൂടുന്നു.

4 **ഹോംമിഷൻ :** രൂപത ഹോംമിഷൻ ടീം ഈസ്റ്റ് ചെന്ത്രാപ്പിന്നി പള്ളിയിലെ ഹോംമിഷന് ശേഷം ജൂൺ 6-ന് കുമ്പിടി ഇടവകയിൽ ഹോംമിഷൻ ആരംഭിക്കുന്നു. ഹോംമിഷൻ നടത്തുന്നതിന് താല്പര്യമുള്ളവർ പാക്സുമായി ബന്ധപ്പെടണമെന്നു അഭ്യർത്ഥിക്കുന്നു.

**ഫാ. ജോയ് നെല്ലിശ്ശേരി**
ഡയറക്ടർ

# പാക്സ്

| | | |
|---|---|---|
| **പ്രീ - കാന :** | മെയ് 31, ജൂൺ 1, 2; 28, 29, 30 | |
| | ജൂലായ് 5, 6, 7; 12, 13, 14; 26, 27, 28 | |
| ജൂൺ 7-11 | : | വൈദിക വാർഷികധ്യാനം |
| ” 14-18 | : | വൈദിക വാർഷികധ്യാനം |
| ” 26 | : | മാതൃസംഘം, ജനറൽബോഡി |

**ഫാ. ജോയ് നെല്ലിശ്ശേരി,** ഡയറക്ടർ

# വൊക്കേഷൻ ബ്യൂറോ

മെയ് 2, 3, 4, 5 തിയ്യതികളിൽ ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽവച്ച് ആൺകുട്ടികൾക്കുവേണ്ടി ദൈവവിളിധ്യാനം നടത്തുകയുണ്ടായി. വിവിധ ഇടവകകളിൽനിന്നായി 36 പേർ പങ്കെടുത്തു.

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
പ്രൊമോട്ടർ

## ഇടയന്റെ ഇന്നലെകൾ

**മെയ് – 2010**

1. 09.00 a.m. ലോകതൊഴിലാളി ദിനത്തോടനുബന്ധിച്ച് ഇരിങ്ങാലക്കുട K.L.F-ൽ C.L.A-യുടെ നേതൃത്വത്തിൽ വി. ബലിയർപ്പിച്ചു.
   03.00 p.m. അവിട്ടത്തൂർ Family Trust Meeting-ൽ സംബന്ധിച്ചു.
   03.30 p.m. നടവരമ്പ് പള്ളിയിൽ വൈദികവർഷാചരണത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും തുടർന്ന് നടന്ന മീറ്റിങ്ങിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.
2. ചെന്നൈ മിഷൻ സന്ദർശിച്ചു.
3. 09.30 a.m. കറുകുറ്റി OFM. Conv.ആശ്രമത്തിൽ കാറോയ, ഹെവ്പ്പദിയാക്ക്ന, മ്ശംശാന പട്ടങ്ങൾ നൽകി.
   12.30 p.m. ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളിയിൽ CMC അർത്ഥിനികൾക്ക് സഭാവസ്ത്രം നൽകി.
   05.00 p.m. പുളിങ്കര പള്ളിയിൽ ഇടവക ദിനത്തോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും തുടർന്ന് നടന്ന മീറ്റിങ്ങിൽ സന്ദേശം നൽകുകയും ചെയ്തു.
4. 11.00 a.m. കോട്ടാറ്റിൽ കണ്ണൂക്കാടൻ Family Trust Meeting-ൽ അദ്ധ്യക്ഷത വഹിച്ചു.
   06.00 p.m. മൈനർ സെമിനാരിയിൽ ദൈവവിളി ക്യാമ്പിൽ സന്ദേശം നൽകി.
5. 06.30 a.m. ഉദയ പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു.
   10.00 a.m. കടുപ്പശ്ശേരി ഇടവകയിൽ മാമ്മോദീസ നൽകി.
   02.00 p.m. ഗുരുവായൂരിൽ F.C.C. Centenary Celebration ഉദ്ഘാടനം ചെയ്തു.
   05.15 p.m. തൃശ്ശൂർ ശക്തൻ നഗറിൽ “ആ മനുഷ്യൻ നീ തന്നെ” എന്ന നാടകം ഉദ്ഘാടനം ചെയ്തു.
6. 07.15 a.m. കത്തീഡ്രൽ പള്ളിയിൽ ആദ്യകുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം നൽകി.
   09.30 a.m. CYM -ന്റെ പ്രോഗ്രാമിൽ സംബന്ധിച്ചു.
   10.30 a.m. ബിഷപ്സ് ഹൗസിൽ നടന്ന വൈദിക കൂട്ടായ്മയിൽ അദ്ധ്യക്ഷത വഹിച്ചു.
   02.15 p.m. പാരീഷ്ഹാളിൽ “സാവിയോ ഫെസ്റ്റ്”സമ്മേളനം ഉദ്ഘാടനം ചെയ്തു.

04.45 p.m. പറപ്പൂക്കര ഫൊറോന പള്ളിയിൽ തിരുന്നാൾ കൊടിയേറ്റു കയും വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

7. 08.00 a.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.

09.00 p.m പുനർനിർമ്മിച്ച വള്ളിവട്ടം പള്ളിയുടെ കൂദാശാ കർമ്മം നിർവ്വഹിച്ചു.

11.15 p.m കൊടകരയിൽ സഹൃദയ ബോർഡ് മീറ്റിങ്ങിലും Send off Meeting- ലും സംബന്ധിച്ചു.

03.00 p.m വിദ്യാജ്യോതി കമ്മിറ്റി മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

07.00 p.m B.L.M.ൽ CLC.യുടെ അവധിക്കാല ക്യാമ്പിൽ സന്ദേശം നൽകി.

8. 07.00 a.m. ആളൂർ സെ. ജോസഫ്സ് പള്ളിയിൽ വി. ബലിയർപ്പിക്കു കയും ആദ്യകുർബാന സ്വീകരണത്തിന് നേതൃത്വം നൽകു കയും ചെയ്തു.

11.00 a.m. മൈനർ സെമിനാരിയിൽ 7 പേർക്ക് വൈദികവസ്ത്രം നൽകി.

05.30 p.m. കുഴിക്കാട്ടുകോണം പള്ളിയിൽ ഇടവകദിനത്തോടനുബ ന്ധിച്ച് വി. ബലിയർപ്പിച്ചു.

9 കോട്ടാറ്റ് ഇടവകയിൽ ഇടയസന്ദർശനം നടത്തി.

07. p.m. എടക്കുളം ഇടവകയിൽ ബഹു. പയസ് ഊക്കനച്ചന്റെ ജൂബിലിയാഘോഷവും ഇടവക ദിനാഘോഷവും ഉദ്ഘാ ടനം ചെയ്തു.

10 06.30 a.m. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ജൂബിലിയോടനു ബന്ധിച്ച് വി. ബലിയർപ്പിച്ചു.

09.45 a.m. പുല്ലൂരിൽ പുതിയതായി നിർമ്മിക്കുന്ന പള്ളിയുടെ കട്ടിളവെപ്പ് കർമ്മം നിർവ്വഹിച്ചു.

10.00 a.m. പുല്ലൂർ പള്ളിയിൽവച്ച് CMC അർത്ഥിനികളായ 4 പേർക്ക് സഭാവസ്ത്രം നൽകി.

11 10.00 a.m. ചാലക്കുടി 'AVARD' ൽ ഒരു പ്രോഗ്രാമിൽ പങ്കെടുത്തു.

03.00 p.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.

12 10.00 a.m. എടക്കുളം പള്ളിയിൽ ബഹു. ഫാ. പയസ് ഊക്കനച്ചന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

11.30 a.m. മൈനർ സെമിനാരിയിൽ മേജർ സെമിനാരിക്കാരുടെ കൂട്ടാ യ്മയിൽ സന്ദേശം നൽകി.

| | | |
|---|---|---|
| | 04.00 p.m. | ലൂർദ്ദ്പുരം പള്ളിയിൽ ജൂബിലി സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും തുടർന്ന് നടന്ന മീറ്റിങ്ങിൽ സന്ദേശം നൽകുകയും ചെയ്തു. |
| | 06.00 p.m. | കല്ലേറ്റുംകര PACS-ൽ ജൂനിയർ സിസ്റ്റേഴ്സിന്റെ പാസ്റ്ററൽ കോഴ്സിന്റെ Sent Off Meeting ൽ പങ്കെടുത്തു. |
| 13 | 06.30 a.m. | എടക്കുളം പള്ളിയിൽ വി. ബലിയർപ്പിച്ചു. |
| 14 | 06.30 a.m. | ഇരിങ്ങാലക്കുട ശാന്തിസദനം കോൺവെന്റിൽ വി. ബലിയർപ്പിച്ചു. |
| | 06.30 p.m. | ഇരിങ്ങാലക്കുട പൗരസമിതി സംഘടിപ്പിച്ച ആദരസംഗമത്തിൽ സന്ദേശം നൽകി. |
| 15 | 10.00 a.m. | തുറവൻകുന്ന് ഇടവകയിൽ വിവാഹം ആശീർവ്വദിച്ചു. |
| | 12.00 a.m. | ആളൂർ നവചൈതന്യയിലെ വാർഷികാഘോഷത്തിന് സന്ദേശം നൽകി |
| | 03.30 p.m. | കാറളം പള്ളിയുടെ രജത ജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും തുടർന്ന് നടന്ന മീറ്റിങ്ങിൽ സന്ദേശം നൽകുകയും ചെയ്തു. |
| 16 | | പഴൂക്കര ഇടവകയിൽ ഇടയ സന്ദർശനം നടത്തി. |
| | 05.30 p.m. | കത്തീഡ്രൽ ഇടവകയിലെ ചൈതന്യ യൂണിറ്റിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. |
| 17 | 10.30 a.m. | കോട്ടാറ്റ് ഇടവകയിൽ ഒരു മാമ്മോദീസ നൽകി. |
| | 11.30 a.m. | ചാലക്കുടി ഇടവകയിൽ ഒരു വിവാഹം ആശീർവ്വദിച്ചു. |
| | 02.30 p.m. | 'Bless A Home Meeting' ൽ അദ്ധ്യക്ഷത വഹിച്ചു. |
| | 07.00 p.m. | Regency Brothers വന്ദ്യ പിതാവിനെ സന്ദർശിച്ചു. |
| 18 | 03.00 p.m. | പാലാ, S.H. Provincial House ൽ ദൈവദാസൻ കദളിക്കാട്ട് മത്തായി അച്ചന്റെ 75-ാം ചരമ വാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. |
| 19 | 08.40 a.m. | ശ്രീ. ടെൽസൺ കോട്ടോളിയുടെ പിതാവിന്റെ മരണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 09.30 a.m. | തുമ്പൂർ ഇടവകയിൽ ഇടവക ദിനത്തോടും സമർപ്പിത സംഗമത്തോടുമനുബന്ധിച്ച് വി. ബലിയർപ്പിച്ചു. |
| | 02.30 p.m. | മൈനർ സെമിനാരിയിൽ സ്റ്റാഫ് മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 04.30 p.m. | അവിട്ടത്തൂർ ഇടവകയിൽ ഓങ്ങിച്ചിറ കപ്പേള വെഞ്ചിരിച്ചു |
| | 05.45 p.m. | ബിഷപ്സ് ഹൗസിൽ St. James Hospital Trust Board Meeting' ൽ അദ്ധ്യക്ഷത വഹിച്ചു. |

20 08.00 a.m. സൗത്ത് താണിശ്ശേരി ഇടവകയിൽ വി. ബലിയർപ്പിച്ചു.
09.30 a.m. മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികളെ തെരഞ്ഞെടുക്കുവാൻ ഇന്റർവ്യൂ നടത്തി.
04.30 p.m. വെളയനാട് പള്ളിയിൽ ഇടവക ദിനത്തോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും തുടർന്ന് നടന്ന മീറ്റിംഗിൽ സന്ദേശം നൽകുകയും ചെയ്തു.

21 09.30 a.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.
02.00 p.m. കത്തീഡ്രൽ പാരിഷ്ഹാളിൽ, രൂപതാ മാതൃസംഘത്തിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.
03.00 p.m. ബിഷപ്സ് ഹൗസിൽ B.L.M. കമ്മിറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
06.00 p.m. രണ്ടാം വർഷ ഫിലോസഫി ബ്രദേഴ്സ് പിതാവിനെ സന്ദർശിച്ചു.

22 06.45 a.m. ആലമറ്റം ഇടവകയിൽ വി. ബലിയർപ്പിക്കുകയും പുതിയ വൈദിക മന്ദിരം വെഞ്ചിരിക്കുകയും ചെയ്തു.
10.00 a.m. പുത്തൻവേലിക്കര ഇടവകയിൽ ബഹു. ജോസ് മാളിയേക്കലച്ചന്റെ ജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

23 03.00 p.m. അന്നമനട പള്ളിയിൽ വൈദികവർഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും തുടർന്ന് നടന്ന മീറ്റിങ്ങിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.
കുമ്പിടി ഇടവകയിൽ ഇടയസന്ദർശനം നടത്തി.
06.00 p.m. കല്ലേറ്റുംകര PACS -ൽ 'പാക്സ് ദിന' പരിപാടികളിൽ പങ്കെടുത്തു.

24 07.00 a.m. കോലഴി CSC Generalate-ൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

25 11.30 a.m. ഇരിങ്ങാലക്കുട വ്യാപാരി വ്യവസായി ഏകോപന സമിതി ഭാരവാഹികൾ പിതാവിനെ സന്ദർശിച്ചു.

26 11.00 a.m. കല്ലേറ്റുംകര പാവനാത്മ പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു.
02.30 p.m. മാള ബി.എഡ്. കോളേജ് ബോർഡ് മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

27 10.00 a.m. സോഷ്യൽ ആക്ഷന്റെ ജനറൽബോഡി മീറ്റിംഗിൽ സംബന്ധിച്ചു.

05.30 p.m. പൂവത്തുശ്ശേരി ഇടവകയിൽ ഇടവക ദിനവും സമർപ്പിത സംഗമവും ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

28 03.00 p.m. പുളിയിലക്കുന്ന് ബാലഭവൻ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

05.00 p.m. Finance Council Meeting-ൽ അദ്ധ്യക്ഷത വഹിച്ചു.

29 09.30 a.m. എലിഞ്ഞിപ്ര ബെത്ലേഹം ഇടവകയിൽ ഡീക്കൻ ബിജോയ് പായിപ്പാടന് തിരുപ്പട്ടം നൽകി.

02.30 p.m. വെള്ളിക്കുളങ്ങര ഇടവകയിൽ ആദ്യ കുർബാന സ്വീകരണത്തിനും സ്ഥൈര്യലേപനത്തിനും നേതൃത്വം നൽകി.

30 07.00 a.m. കുണ്ടൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

05.00 p.m. കുഴൂർ ഇടവകയിൽ വൈദികവർഷ സമ്മേളനം ഉദ്ഘാടനം ചെയ്തു.

31 07.15 a.m. കത്തീഡ്രൽ പള്ളിയിൽ വി. ബലിയർപ്പിച്ചു.

04.30 p.m. താഴൂർ ഇടവകയിൽ സെന്റ് മേരീസ് കപ്പേള ആശീർവ്വദിച്ചു.

---

## ഇടയന്റെ നാളെകൾ

**ജൂൺ 2010**

1. IJK
2. IJK
3 വടവാതൂർ, IJK
4 ചാലക്കുടി, IJK
പേരാമ്പ്ര
5 IJK, കുഴിക്കാട്ടുശ്ശേരി
6 കാട്ടൂർ, IJK
7-10 IJK
10 കൊന്നക്കുഴി
11 കല്ലേറ്റുംകര
12 IJK, അരിപ്പാലം
13 തൊട്ടിപ്പാൾ, IJK
പാദുവാനഗർ
14-18 IJK
19 ചാലക്കുടി
20 മാരാംകോട്
21 IJK
22 IJK
23 IJK
24 IJK
25 IJK
26 ചാലക്കുടി, പുല്ലൂർ
27 തിരുമുക്കുളം
28 IJK, കൊടകര
29 IJK
30 IJK

BULLETIN IRINJALAKUDA DIOCESE

KL/IJK/34/08-10 KERMAL 15876-11/01/2007-TC

## FORANE CHURCHES OF THE DIOCESE



Bishop's House, Irinjalakuda - 680 121
Ph : 0480 - 2826830, 2826820. Fax : 2825050
E-mail : bphijk@irinjalakudadiocese.com ijkdiocese@yahoo.com

Edited by Fr. Seby Kolangara, Published by Fr. Jobby Pozholiparambil
Printed at Adolf Kolping Press, Irinjalakuda, Trichur District. Ph : 2823079